**അടിയന്തരപ്രമേയം**

അഴിമതി വിരുദ്ധ സംവിധാനങ്ങളെ ദുർബലപ്പെടുത്തുന്ന സർക്കാർ നടപടി

മി. സ്പീക്കർ: ഓർഡർ..... ഓർഡർ..... ലോകായുക്ത അടക്കമുള്ള സംസ്ഥാനത്തെ അഴിമതി വിരുദ്ധ സംവിധാനങ്ങളെ ദുർബ്ബലപ്പെടുത്തുന്നതായി പറയപ്പെടുന്ന സർക്കാരിന്റെ നടപടിമൂലം ഉളവായിട്ടുള്ള ഗുരുതര സാഹചര്യം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണമെന്നാവശ്യപ്പെട്ട് സർവ്വശ്രീ സണ്ണി ജോസഫ്, കെ. പി. എ. മജീദ്, മോൻസ് ജോസഫ്, അനൂപ് ജേക്കബ്, മാണി സി. കാപ്പൻ, ശ്രീമതി കെ. കെ. രമ എന്നീ ബഹുമാനപ്പെട്ട അംഗങ്ങൾ റൂൾ 50 പ്രകാരം നോട്ടീസ് നൽകിയിട്ടുണ്ട്. ചട്ടം 50 പ്രകാരം ലഭിച്ചിട്ടുള്ള ഇന്നത്തെ നോട്ടീസ് സംസ്ഥാനത്ത് അഴിമതി വിരുദ്ധ സംവിധാനങ്ങളെ ദുർബ്ബലപ്പെടുത്തുന്നത് സംബന്ധിച്ച ആക്ഷേപത്തെക്കുറിച്ചാണെങ്കിലും അതിന് ആധാരമായിട്ടുള്ളത് 2022-ലെ കേരള ലോകായുക്ത ഭേദഗതി ഓർഡിനൻസ് പുറപ്പെടുവിച്ചതുമൂലമുള്ള സാഹചര്യമാണെന്ന് നോട്ടീസിന്റെ വിശദീകരണത്തിൽനിന്ന് വ്യക്തമാകുന്നുണ്ട്. ബഹുമാനപ്പെട്ട ഗവർണർ

പുറപ്പെടുവിക്കുന്ന ഓർഡിനൻസ് നിരാകരിക്കുന്നതിന് നിയമസഭയ്ക്കുള്ള അധികാരത്തെ സംബന്ധിച്ച് ഭരണഘടനയുടെ അനുച്ഛേദം 213(2)(a)-ൽ വ്യക്തമായിത്തന്നെ പറയുന്നുണ്ട്. ഓർഡിനൻസ് നിരാകരണപ്രമേയം നിയമസഭയിൽ കൊണ്ടുവരാവുന്നതാണ്. നിയമസഭയിലെ കീഴ്വഴക്കമനുസരിച്ച് ഓർഡിനൻസ് നിരാകരണപ്രമേയം സാധാരണ കൊണ്ടുവരാറുള്ളത് ഓർഡിനൻസിന് പകരമുള്ള ബിൽ അവതരിപ്പിക്കുന്ന വേളയിലാണ്. ആ സമയത്താണ് സാധാരണഗതിയിൽ സഭ അത് പരിഗണിക്കാറുള്ളത്. അതാണ് ശരിയായ നടപടിക്രമം. മാത്രമല്ല, ഇപ്പോൾ കോടതിയുടെ പരിഗണനയിലും വിഷയം നിൽക്കുകയാണ്. ബഹുമാനപ്പെട്ട അംഗങ്ങളെ സംബന്ധിച്ചുള്ള സാഹചര്യത്തിൽ സാധാരണഗതിയിൽ അടിയന്തരപ്രമേയമായി ഇത് ഉന്നയിക്കുന്നത് ഉചിതമായ കാര്യമല്ല. തീർച്ചയായും അടിയന്തരപ്രമേയത്തിന്റെ നോട്ടീസ് ഇതുകൂടി കണക്കിലെടുത്തുകൊണ്ടുതന്നെയാണ് ഫ്രെയിം ചെയ്തിട്ടുള്ളതെന്നത് വിസ്മരിക്കുന്നില്ല. വളരെ സൂക്ഷ്മതയോടെ ഫ്രെയിം ചെയ്തിട്ടുള്ളതാണ്. പക്ഷേ ഇതിന് അടിസ്ഥാനമായിട്ടുള്ളത് ഈ ഓർഡിനൻസ് ആണെന്നുള്ളത് വ്യക്തമാണ്. ഓർഡിനൻസ് നിരാകരണപ്രമേയമെന്ന റെമഡി

ബഹുമാനപ്പെട്ട അംഗങ്ങൾക്ക് ലഭ്യമാണ്. മാത്രമല്ല, കോടതിയുടെ പരിഗണനയിലും ഈ വിഷയം നിൽക്കുകയാണ്. ഇതെല്ലാം കണക്കിലെടുത്തുകൊണ്ട് ഈ നോട്ടീസ് ഉന്നയിച്ചിട്ടുള്ള ശ്രീ. സണ്ണി ജോസഫ്, ഓർഡിനൻസിനെ പരോക്ഷമായി പരാമർശിച്ചിട്ടുണ്ടെങ്കിലും സഭയുടെ നടപടിക്രമങ്ങളും കീഴ്വഴക്കവും രീതിയും ഉൾക്കൊണ്ടുകൊണ്ട് പൊതുവായിട്ടുള്ള കാര്യങ്ങൾമാത്രം അത് ഉന്നയിക്കുന്ന വേളയിൽ അവതരിപ്പിക്കേണ്ടതാണെന്ന് ചെയർ ഓർമ്മിപ്പിക്കാൻ ആഗ്രഹിക്കുകയാണ്.

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): സർ, അങ്ങിവിടെ സൂചിപ്പിച്ച അടിയന്തരപ്രമേയത്തിലെ വിഷയം വിശദീകരണക്കുറിപ്പിൽ വ്യക്തമാക്കുന്നതുപോലെ ലോകായുക്ത നിയമത്തിന്റെ ഭേദഗതിയെ സംബന്ധിച്ചുള്ളതാണ്. അത് ഇവിടെ വ്യക്തമാക്കിയതുപോലെ, നമ്മുടെ ഭരണഘടനയുടെ 213-ാം അനുച്ഛേദപ്രകാരം നിരാകരണ പ്രമേയത്തിലൂടെ ഓർഡിനൻസ് സംബന്ധിച്ചുള്ള കാര്യങ്ങൾ നിരാകരിക്കണമെന്ന അഭ്യർത്ഥന മുന്നോട്ടുവച്ചുകൊണ്ട് ചർച്ച ചെയ്യാൻ നമ്മുടെ ഭരണഘടന അവകാശം

നൽകുന്നുണ്ട്. നമ്മുടെ സഭയുടെ കീഴ്വഴക്കവും ആ സ്വഭാവത്തിലുള്ളത് തന്നെയാണ്. ബഹുമാനപ്പെട്ട ഗവർണർ ഒപ്പുവച്ച ഒരു ഓർഡിനൻസ് അടിയന്തര പ്രമേയത്തിലൂടെ ചോദ്യം ചെയ്യുന്നത് തെറ്റായ കീഴ്വഴക്കവും ഭരണഘടനയ്ക്ക് ചേർന്ന് നിൽക്കാത്ത സമീപനവും സൃഷ്ടിക്കുമെന്നത് വസ്തുതയാണ്. എങ്കിലും അങ്ങ് ഇവിടെ പ്രമേയം അവതരിപ്പിക്കാൻ അനുമതി നൽകിയിട്ടുണ്ട്. അതോടൊപ്പംതന്നെ ഈ പ്രശ്നം എവിടെയും ചർച്ച ചെയ്യുന്നതിൽ ഞങ്ങൾക്ക് യാതൊരു തരത്തിലുള്ള മടിയുമില്ല, ഭയവുമില്ല. ഇവ സംബന്ധിച്ച് സമൂഹത്തിൽ സൃഷ്ടിക്കുന്ന ആശയക്കുഴപ്പങ്ങൾ വ്യക്തത വരുത്തുന്നതിന് ലഭിക്കാവുന്ന എല്ലാ സന്ദർഭങ്ങളും വിനിയോഗിക്കുകയെന്നതുതന്നെയാണ് ഗവൺമെന്റിന്റെ സമീപനം. അതുകൊണ്ടുതന്നെ ഇതുസംബന്ധിച്ചുള്ള പ്രമേയത്തിന് അവതാരകൻ നൽകിയിട്ടുള്ള നോട്ടീസിന് മറുപടി നൽകാൻ തന്നെയാണ് ഗവൺമെന്റ് ഉദ്ദേശിക്കുന്നത്. എന്നാൽ അദ്ദേഹത്തിന്റെ നോട്ടീസിൽ പറഞ്ഞിട്ടുള്ള കാര്യങ്ങൾ വസ്തുതയ്ക്ക് നിരക്കുന്നതല്ല. ലോകായുക്തയുടെ ഒരു അധികാരവും ഈ സർക്കാർ എടുത്ത് കളഞ്ഞിട്ടില്ല. അദ്ദേഹം ഉപയോഗിച്ച ഒരു വാക്ക് വളരെ കൃത്യമാണ്. "പതിനാലാം വകുപ്പിന് വരുത്തിയിട്ടുള്ള ഭേദഗതിയെ

സംബന്ധിച്ച് ഒരു വിചിത്ര വ്യവസ്ഥയാണ് പുതിയതായി ഉൾപ്പെടുത്തിയിട്ടുള്ളത്" എന്ന് അദ്ദേഹം നോട്ടീസിൽ പറഞ്ഞിട്ടുണ്ട്. യഥാർത്ഥത്തിൽ ഭേദഗതിയല്ല വിചിത്രമായത് ഈ പതിനാലാം വകുപ്പാണ് വിചിത്രമായി ലോകായുക്ത നിയമത്തിനകത്ത് നിലനിന്നിരുന്നത്. അങ്ങനെ വിചിത്രമായി നിലനിന്നിരുന്ന ഒരു വകുപ്പ്, ആ വകുപ്പിനകത്ത് ഭേദഗതി വരുത്താനാണ് ഗവൺമെന്റ് ഉദ്ദേശിക്കുന്നത്. ലോകായുക്തയുടെ നിലവിലുള്ള അധികാരങ്ങൾ:- 9-ാം വകുപ്പുപ്രകാരം അന്വേഷണം നടത്താനും 12-ാം വകുപ്പുപ്രകാരം റിപ്പോർട്ട് സമർപ്പിക്കാനും 14-ാം വകുപ്പുപ്രകാരം ഒരു പൊതുസേവകൻ സ്ഥാനത്തുനിന്നും ഒഴിയണമെന്ന് പ്രഖ്യാപനം നടത്താനും 15-ാം വകുപ്പുപ്രകാരം പ്രോസിക്യൂഷൻ ശിപാർശ ചെയ്യാനുള്ള അധികാരവും അതുപോലെത്തന്നെ ഈ ഭേദഗതിക്കകത്തും നിലനിൽക്കുന്നു. ഇവിടെ ഭേദഗതി ചെയ്തിട്ടുള്ളതിൽ ഒന്ന്, 14-ാം വകുപ്പുപ്രകാരം ലോകായുക്ത നടത്തുന്ന പ്രഖ്യാപനം പൊതുസേവകനുമേൽ അധികാരമുള്ള കോമ്പീറ്റന്റ് അതോറിറ്റി അതുപോലെ അംഗീകരിക്കാൻ ബാധ്യസ്ഥനാണ്/ ബാധ്യസ്ഥയാണ് എന്നുള്ള വ്യവസ്ഥയാണ്. ഇങ്ങനെയൊരു വ്യവസ്ഥ നമ്മുടെ രാജ്യത്ത് നിലവിലുള്ള ഒരു നിയമത്തിനകത്തുമില്ല. പ്രമേയ

അവതാരകന്റെ പാർട്ടി നയിക്കുന്ന ഗവൺമെന്റുകൾ പൊതുവെ ഈ സംവിധാനത്തോട് കടുത്ത വിമുഖതയുള്ളവരാണ്. അത് ഇന്ത്യയുടെ ചരിത്രത്തിൽനിന്ന് നമുക്കെല്ലാവർക്കും അറിയാവുന്ന കാര്യമാണ്. എന്നാൽ അങ്ങനെ കൊണ്ടുവന്നിട്ടുള്ള നിയമത്തിനകത്തും ഈ വ്യവസ്ഥയില്ല എന്നറിയാൻ കഴിഞ്ഞു. എന്നുമാത്രമല്ല 2013-ൽ ഇന്ത്യൻ പാർലമെന്റ് ഏറെക്കാലത്തെ സമരത്തിന്റെയും ഇടപ്പെടലുകളുടെയും ഭാഗമായി ലോക്പാൽ നിയമം കൊണ്ടുവന്നു. ആ ലോക്പാൽ നിയമത്തിന്റെയും 24-ാം വകുപ്പ് ഇപ്പോൾ കൊണ്ടുവന്ന വകുപ്പിന് സമാനമായിട്ടുള്ളതാണ്. അതോടൊപ്പം തന്നെ രാജ്യത്ത് നിലവിലുള്ള സംസ്ഥാനങ്ങളുടെ നിയമനിർമ്മാണത്തിനകത്ത് ഇതുസംബന്ധിച്ച വകുപ്പും സമാനമായിട്ടുള്ളതാണ്. ലോക്പാൽ ബില്ലിന്റെ ഭാഗമായി പാർലമെന്റിൽ അവതരിപ്പിക്കപ്പെട്ട ബില്ലിനകത്ത് മൂന്നാമത്തെ പാർട്ടായിരുന്ന ലോകായുക്ത എന്ന ബിൽ  പിന്നീട് പാർലമെന്റ് പാസ്സാക്കേണ്ടതില്ലെന്ന് തീരുമാനിച്ചതും എന്നാൽ സംസ്ഥാനങ്ങൾക്ക് മാതൃകാനിയമമായി അയച്ചുകൊടുക്കണമെന്ന് തീരുമാനിക്കുകയും ചെയ്തു ആ ഭാഗത്തും ഇങ്ങനെയൊരു അധികാരം നൽകിയിട്ടില്ല. കോമ്പീറ്റന്റ് അതോറിറ്റിക്ക് റിപ്പോർട്ട് സമർപ്പിക്കുകയെന്ന

മാത്രമാണ് നിഷ്കർഷിച്ചിട്ടുള്ളത്. ഈ രാജ്യത്ത് നിലനിൽക്കുന്ന വ്യവസ്ഥകൾക്കും അനുസൃതമായൊരു ഭേദഗതിയാണ് ഓർഡിനൻസിലൂടെ ഗവൺമെന്റ് കൊണ്ടുവന്നിട്ടുള്ളത്. രണ്ട്, ഇതുസംബന്ധിച്ച് ആദ്യമേ സൂചിപ്പിച്ച, ഓർഡിനൻസ് നിരാകരണ പ്രമേയത്തിലൂടെയാണ് ചർച്ച ചെയ്യാറുള്ളത്. ഒരു ഓർഡിനൻസിന് അംഗീകാരം നൽകുന്നതിന് സമയമെടുത്ത പ്രക്രിയയിൽ ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് പലതവണ ആദരണീയനായ ഗവർണർക്ക് ഇതുസംബന്ധിച്ച് കത്ത് നൽകി. പ്രതിപക്ഷമാകെ ബഹുമാനപ്പെട്ട ഗവർണറെ കാണുകയുണ്ടായി. ഇക്കാര്യത്തിൽ ബഹുമാനപ്പെട്ട ഗവർണർ നിയമോപദേശം നേടിയതായി നമ്മളെല്ലാം കാണുകയുണ്ടായി. എല്ലാ പരിശോധനയിലൂടെയും ഇത് നിയമപരമായി നിലനിൽക്കുന്നതാണെന്ന് ബോധ്യപ്പെട്ടതിനുശേഷമാണ് ഞാൻ അതിനകത്ത് ഒപ്പ് വച്ചതെന്ന് കഴിഞ്ഞ ദിവസം ബഹുമാനപ്പെട്ട ഗവർണർ തന്നെ വ്യക്തമാക്കുകയുണ്ടായി. ആ പ്രോസസ്സ് എല്ലാം കഴിഞ്ഞിട്ടാണ് ഇക്കാര്യം വീണ്ടും അടിയന്തരപ്രമേയത്തിലൂടെ വരുന്നത്. ഗവൺമെന്റിന്റെ മുമ്പിൽ വന്ന പ്രശ്നം, ഇത് ഭരണഘടനയുമായി ചേർന്ന് നിൽക്കുന്നതല്ല, ഭരണഘടനയ്ക്ക് അപ്പുറത്ത് പോകുന്ന എന്നൊരു

ഉപദേശമാണ് ഭരണഘടനാ സ്ഥാപനമായ അഡ്വക്കേറ്റ് ജനറലിൽനിന്നും ലഭിച്ചത്. 164-ാം അനുച്ഛേദം അനുസരിച്ച് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും അതുപോലെ ഗവൺമെന്റും നിലനിൽക്കുന്നത് സംബന്ധിച്ചുള്ള കൃത്യമായ കാഴ്ചപ്പാട് ഭരണഘടന അവതരിപ്പിക്കുന്നു. സംസ്ഥാനങ്ങളെ സംബന്ധിച്ചാണെങ്കിൽ അത് ബഹുമാനപ്പെട്ട ഗവർണറുടെ പ്ലഷറാണ്. ആ പ്രീതിതത്വത്തിന് വിരുദ്ധമായതാണ്, ഭരണഘടനയുടെ 164-ാം അനുച്ഛേദമായി ചേർന്ന് നിൽക്കുന്നതല്ല ഈ മാൻഡേറ്ററി പ്രൊവിഷനെന്ന അഡ്വക്കേറ്റ് ജനറലിന്റെ ഉപദേശം ഗവൺമെന്റിന് ലഭിച്ചത്. അങ്ങനെ ലഭിച്ച ഉപദേശം വളരെ വിശദമായി ചർച്ച ചെയ്ത്, ആവശ്യത്തിന് സമയമെടുത്ത് പരിശോധന നടത്തിയതിനു ശേഷമാണ് ഇങ്ങനെയൊരു ഓർഡിനൻസ് ആവശ്യമാണെന്ന തീരുമാനത്തിൽ ഗവൺമെന്റ് എത്തിച്ചേർന്നത്. അതോടൊപ്പം തന്നെ നേരത്തെ സൂചിപ്പിച്ചതുപോലെ, ലോക്പാൽ നിയമം, ലോകായുക്ത നിയമങ്ങൾ അവയുമായുള്ള താരതമ്യവും നടത്തുകയുണ്ടായി. ടി ഭേദഗതി ലോകായുക്തയുടെ അധികാരം കവരുന്നുയെന്ന് പറയുന്നത് വസ്തുതകളുടെ പിൻബലമില്ലാതെയാണ്. പ്രമേയാവതാരകന്റെ പാർട്ടി ഭരിക്കുന്ന സ്ഥലങ്ങളിലെ അവസ്ഥ നേരത്തെ

സൂചിപ്പിക്കുകയുണ്ടായി. പ്രമേയാവതാരകൻ പറയുന്ന ഒരു ഭാഗം അഴിമതിക്ക് കുട പിടിക്കുന്ന സർക്കാരിന്റെ നടപടിമൂലം ജനങ്ങളിൽ ഉളവായിട്ടുള്ള ആശങ്ക സഭ നിർത്തി വച്ച് ചർച്ച ചെയ്യണമെന്നാണ്.

ബഹുമാനപ്പെട്ട മുഖ്യമന്ത്രി സഭയിൽ ചോദ്യത്തിന് ഉത്തരം നൽകിയപ്പോൾ 'Transparency International India' നടത്തിയ സർവ്വേയുടെ ഒരു ഭാഗം വ്യക്തമാക്കുകയുണ്ടായി. അതിൽ ഇന്ത്യയിലെ ഏറ്റവും അഴിമതി കുറഞ്ഞ സംസ്ഥാനമായി തെരഞ്ഞെടുത്തിട്ടുള്ളത് കേരളമാണെന്ന് കാണാം. അതിൽ ബഹുമാനപ്പെട്ട പ്രമേയാവതാരകൻ ശ്രദ്ധിക്കേണ്ട ഒരു ഭാഗം, അവർ തെരഞ്ഞെടുത്തിട്ടുള്ള ഒന്നാമത്തെ സംസ്ഥാനമുണ്ട്, അഴിമതിയുടെ കാര്യത്തിൽ ഏറ്റവും മോശപ്പെട്ട അവസ്ഥ ഇന്ത്യയിലുണ്ടെന്ന് 78% ജനങ്ങളും ഈ സർവ്വേയിലൂടെയും മറ്റ് അനുബന്ധ പഠനങ്ങളിലൂടെയും Transparency International India വ്യക്തമാക്കിയ സംസ്ഥാനത്തിന്റെ പേര് 'രാജസ്ഥാൻ' എന്നാണ്. ആ രാജസ്ഥാൻ ഭരിക്കുന്നത് അങ്ങയുടെ പാർട്ടിയാണിപ്പോഴും. ഇന്ത്യയിലിപ്പോൾ അധികം സംസ്ഥാനങ്ങൾ കോൺഗ്രസ്സ് ഭരിക്കുന്നില്ലെന്ന് നമുക്കറിയാമല്ലോ. ഈ റാങ്കിംഗ് പട്ടികയിൽ കോൺഗ്രസ്സ് മികച്ച് നിൽക്കുന്നുണ്ട്. മൂന്നാം സ്ഥാനം ജാർഖണ്ഡിനും അഞ്ചാം സ്ഥാനം

പഞ്ചാബിനുമാണ്. ഇതെല്ലാം കോൺഗ്രസ്സ് ഭരിക്കുന്ന സംസ്ഥാനങ്ങളാണ്. അതിനകത്ത് അഴിമതി വിരുദ്ധമായ സമീപനം സ്വീകരിക്കുന്ന സർക്കാർ ഈ കേരളം ഭരിക്കുന്നതുകൊണ്ടാണ് അഴിമതിയുടെ കാര്യത്തിൽ ഏറ്റവും കുറവുള്ള സംസ്ഥാനമായി കേരളം തെരഞ്ഞെടുക്കപ്പെട്ടതെന്ന് കാണാം. 1998-ലെ ലോകായുക്ത ഓർഡിനൻസിലും 1999-ൽ ബിൽ ആയി അവതരിപ്പിച്ചപ്പോഴും ഈ വ്യവസ്ഥ അതിലുണ്ടായിരുന്നു. നിയമനിർമ്മാണം നടത്തിയപ്പോഴാണ് അതിനകത്ത് മാറ്റം വന്നത്. അത് സഭയ്ക്കകത്ത് നടന്ന ചർച്ചയുടെ ഭാഗമായി അവതരിപ്പിക്കപ്പെട്ട ഭേദഗതിയിലൂടെ വന്ന മാറ്റമാണ്. അത് ഭരണഘടനയുമായി ചേർന്ന് നിൽക്കുന്നില്ല എന്ന നിലപാട് ഭരണഘടനാ സ്ഥാപനത്തിന്റെ ഭാഗത്തുനിന്നും വന്നപ്പോൾ വിശദമായി പരിശോധന നടത്തിക്കഴിഞ്ഞാൽ അടിയന്തരമായി ഭരണഘടനയുമായി ചേർന്ന് നിൽക്കുന്ന ഒന്നായിരിക്കണമെന്ന് ഉറപ്പുവരുത്തേണ്ടത് നമ്മുടെ ഉത്തരവാദിത്വമാണ്. നിയമസഭ ചേരാതിരിക്കുന്ന ഘട്ടത്തിൽ ഓർഡിനൻസ് പുറപ്പെടുവിക്കാനുള്ള ഭരണഘടനാപരമായ അവകാശം വിനിയോഗിച്ചുകൊണ്ടാണ് ആ ചുമതല നിർവ്വഹിച്ചത്. ലോകായുക്തയെ ദുർബ്ബലപ്പെടുത്തുന്ന ഒന്നും ഇതിനകത്തില്ല. അഴിമതിക്കെതിരെയുള്ള

ശക്തമായ നിലപാട് എല്ലാ കാലത്തും ഇടതുപക്ഷ ഗവൺമെന്റ് സ്വീകരിച്ചിട്ടുണ്ട്. ആ നിലപാട് തന്നെയാണ് ലോകായുക്തയുടെ കാര്യത്തിലും സ്വീകരിച്ചിട്ടുള്ളത്. അതുകൊണ്ട് ഇത് സഭ നിർത്തിവച്ച് ചർച്ച ചെയ്യേണ്ട ഒരു സാഹചര്യവുമില്ലെന്നാണ് വ്യക്തമാക്കാനുള്ളത്.

ശ്രീ. സണ്ണി ജോസഫ്: സർ, ഇന്ന് 2022 ഫെബ്രുവരി മാസം 22-ാം തീയതിയാണ്. ഇന്നേ ദിവസം കേരള നിയമസഭയിൽ ഈ വിഷയം അവതരിപ്പിക്കാൻ ഒരു ചരിത്ര നിയോഗമാണ് നമുക്ക് ലഭിച്ചിരിക്കുന്നത്. കാരണം ലോകായുക്ത നിയമം കേരള നിയമസഭ ചർച്ച ചെയ്ത് പാസ്സാക്കിയത് 1999 ഫെബ്രുവരി മാസം 22-ാം തീയതിയാണ്. കൃത്യമായി 23 വർഷങ്ങൾക്ക് മുമ്പ്. അതിൽനിന്ന് നമ്മൾ പുറകോട്ടാണോ മുന്നോട്ടാണോ പോകുന്നതെന്ന് ബഹുമാനപ്പെട്ട മന്ത്രി ഉത്തരം പറയണം. ലോകായുക്ത നിയമത്തിൽ ഓർഡിനൻസിലൂടെ ഭേദഗതി വരുത്തിയെന്ന് അദ്ദേഹം സമ്മതിച്ചു. എന്നാൽ അതിന്റെ അത്യാവശ്യ കാര്യങ്ങളൊന്നും അദ്ദേഹം ഇവിടെ വിശദീകരിച്ചിട്ടില്ല. അത് ആർക്കും തൃപ്തികരമായി വിശദീകരിച്ച് നൽകാൻ അദ്ദേഹത്തിന് കഴിയില്ല. ഞങ്ങളെ ബോദ്ധ്യപ്പെടുത്തേണ്ട, അടുത്തിരിക്കുന്ന ബഹുമാന്യരായ സി.പി.ഐ.

മന്ത്രിമാരെയെങ്കിലും ഒന്ന് ബോദ്ധ്യപ്പെടുത്തിയാൽ മതി. ശ്രീ. കാനം രാജേന്ദ്രനെ ഒന്ന് ബോദ്ധ്യപ്പെടുത്തിയിട്ട് നാട്ടുകാരെ ബോദ്ധ്യപ്പെടുത്താൻ ശ്രമിക്കുക. ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞു, ആരുമായും ചർച്ച ചെയ്യാൻ തയ്യാറാണെന്ന്. നേരത്തെ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും പറഞ്ഞു, സിൽവർ ലൈനിനെക്കുറിച്ച് ചർച്ച ചെയ്യാൻ തയ്യാറാണെന്ന്. അതിന്റെ apt forum ഈ നിയമസഭയാണ്. അങ്ങനെയെങ്കിൽ ഈ നിയമസഭയിൽ ചർച്ചയ്ക്ക് തയ്യാർ എന്ന് ബഹുമാനപ്പെട്ട മന്ത്രി പറയേണ്ടതായിരുന്നു. ചർച്ച ചെയ്യാൻ നിങ്ങൾ മടിക്കുന്നു, ഭയപ്പെടുന്നു എന്നതാണ് യാഥാർത്ഥ്യം. ഭരണതലങ്ങളിലും ഉദ്യോഗതലങ്ങളിലും അഴിമതി അതിശക്തമായി നടക്കുകയാണ്. സർവ്വകലാശാലകളിൽ വൈസ് ചാൻസലറുടെ നിയമനംതൊട്ട് കുട്ടികളുടെ മാർക്ക് ഷീറ്റ് നൽകുന്നിടത്തുവരെ അഴിമതി നടക്കുകയാണ്. എം.ജി. സർവ്വകലാശാലയിൽ പരീക്ഷയിൽ ജയിച്ച ഒരു പെൺകുട്ടിയോടാണ് 'മാർക്ക് ലിസ്റ്റിൽ നിന്നെ ജയിപ്പിക്കാം' എന്നുപറഞ്ഞ് അവിടത്തെ ഇടതുപക്ഷ അനുകൂല സംഘടനാ നേതാവ് ഒന്നര ലക്ഷം രൂപ ബാങ്ക് അക്കൗണ്ടിലൂടെ കൈക്കൂലി വാങ്ങിച്ചത്. നമ്മൾ മനസ്സിലാക്കണം, ഇടതുപക്ഷ യൂണിയന്റെ നേതാക്കൾ ട്രഷറിയിലെ സർക്കാർ പണം, നികുതി

പണം, ജനങ്ങളുടെ പണം കോടിക്കണക്കിന് രൂപ കൊള്ളയടിച്ചുകൊണ്ടുപോകുകയാണ്. തിരുവനന്തപുരത്ത് പിടിച്ചില്ലേ, അന്വേഷിച്ചോ? എറണാകുളത്ത് പ്രളയഫണ്ട് പാർട്ടി നേതാക്കന്മാർ തട്ടിക്കൊണ്ടുപോയി. പാർട്ടി തലത്തിൽ നടപടിയെടുത്തു, ഗവൺമെന്റ് തലത്തിൽ നടപടിയില്ല, പാർട്ടി നടപടി പിന്നീട് പിൻവലിച്ചു. വൈദ്യുതി ബോർഡിലെ അഴിമതിയെക്കുറിച്ച് ചെയർമാൻ തന്നെ പരസ്യമായി പറയേണ്ട ഒരവസ്ഥ കേരള സംസ്ഥാനത്തുണ്ടായിരിക്കുകയാണ്. നമ്മളെല്ലാവരും വിചാരിച്ചു, കോവിഡ് പ്രതിസന്ധി വളരെ നന്നായി കൈകാര്യം ചെയ്തുവെന്ന്. എങ്ങനെയാണ് കൈകാര്യം ചെയ്തത്? കോവിഡ് പ്രതിസന്ധിപോലും കൊള്ളയടിക്കാനുള്ള ഒരവസരമായിട്ടാണ് കേരള സർക്കാർ ഉപയോഗിച്ചത്, അത് വാർത്തയായി വരികയാണ്. മരംമുറി ഇവിടെ ചർച്ച ചെയ്തതല്ലേ? വനസംരക്ഷണത്തിന് ഉത്തരവാദിത്വപ്പെട്ടവർ തന്നെയാണ് ധാരാളമായി മരംമുറിച്ചുമാറ്റിയതെന്ന് നമുക്കെല്ലാവർക്കുമറിയാം. ഇത്തരത്തിലുള്ള അഴിമതികൾ അഴിഞ്ഞാടുമ്പോഴാണ് കേന്ദ്ര സർക്കാർ വിജിലൻസ് നിയമത്തിൽ അവരുടേതായ തരത്തിൽ ഭേദഗതി വരുത്തിയത്. മന്ത്രിമാർക്കെതിരെയും ഉയർന്ന ഉദ്യോഗസ്ഥർക്കെതിരെയും വിജിലൻസ്

അന്വേഷണം വേണമെങ്കിൽ ആദ്യമേ അനുമതി വേണം. ആർക്കെതിരെയാണോ അന്വേഷണം നടത്തേണ്ടത് അവരുടെ അനുമതിയുണ്ടെങ്കിൽ മാത്രമേ അന്വേഷണം നടക്കുവെന്ന അവസ്ഥ വന്നിരിക്കുന്നു. അതേ അവസ്ഥയ്ക്ക് സമാനമായി, ഒരുപക്ഷെ അതിനേക്കാൾ അപകടകരമായ രൂപത്തിലാണ് ഇവിടെ ഈ നിയമത്തിൽ ഭേദഗതി വരുത്തിയിട്ടുള്ളത്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി അദ്ദേഹം പാർട്ടി നേതാവെന്ന നിലയിൽക്കൂടി 2019-ൽ 'ചിന്ത' വാരികയിൽ എഴുതിയ ലേഖനത്തിൽ എന്താണ് പറഞ്ഞിട്ടുള്ളത്? അന്ന് ഈ അവസ്ഥയില്ലേ? '......പൊതുസമൂഹത്തിന്റെ ശ്രദ്ധിയും ജനങ്ങളുടെ ആശ്വാസവും മുൻനിർത്തി നിരവധി ഇടപെടലുകൾ നടത്താൻ കേരള ലോകായുക്തയ്ക്ക് കഴിഞ്ഞിട്ടുണ്ട്. പൊതുജീവിതത്തിൽ ശുദ്ധിയും നിയമപാണ്ഡിത്യവുമുള്ള പ്രഗത്ഭമതികളാണ് ലോകായുക്തയെ നയിച്ചിട്ടുള്ളത്, ഇപ്പോൾ നയിച്ചുകൊണ്ടിരിക്കുന്നത്...' ഡോ. കെ. ടി. ജലീലിനുമാത്രം ഇത് മനസ്സിലായിട്ടില്ല. .....'ഓംബുഡ്സ്മാനിനെക്കുറിച്ച് സാധാരണ പറയാറുള്ള ഒരു വിശേഷണം കുരയ്ക്കാൻ മാത്രം കഴിയുന്ന, എന്നാൽ കടിക്കാൻ കഴിയാത്ത ഒരു കാവൽനായ എന്നാണ്. എന്നാൽ ഓംബുഡ്സ്മാന്റെ കേരള

പതിപ്പായ ലോകായുക്തയ്ക്ക് വിപുലമായ അധികാരങ്ങൾ നിയമപരമായി നൽകിയിരിക്കുന്നു. ആവശ്യമെന്ന് കണ്ടാൽ കടിക്കാനും കഴിയുന്ന ഒരു സംവിധാനമാണ് നമ്മുടെ ലോകായുക്ത. ഭരണസംവിധാനത്തിന്റെ പല തെറ്റായ പ്രവണതകളും അഴിമതി, കാര്യക്ഷമതയില്ലായ്മ, അലംഭാവം ഇവയ്ക്കെല്ലാം പരിഹാരം തേടി ലോകായുക്തയെ സമീപിക്കുവാൻ കഴിയും. പരാതിക്കാരന് പണച്ചെലവില്ലാതെ സാങ്കേതികത്വവും കാലതാമസവും ഒഴിവാക്കി ഉചിതമായ പരിഹാര മാർഗ്ഗങ്ങൾ നൽകാനും ഉത്തരവാദികൾക്കെതിരെ നടപടി ശിപാർശ ചെയ്യാനും ലോകായുക്തയ്ക്ക് കഴിയും. ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റിന്റെ അഴിമതിവിരുദ്ധ, ദുർഭരണവിരുദ്ധ, നിശ്ചയദാർഢ്യത്തിന്റെകൂടി പ്രതീകമാണ് 1999-ൽ നിയമത്തിലൂടെ വന്ന ലോകായുക്ത....' ഇത് ബഹുമാനപ്പെട്ട മുഖ്യമന്ത്രി 'ചിന്ത' വാരികയിൽ എഴുതിയ ലേഖനമാണ്. ഈ ചിന്തയിൽനിന്നും പുതിയ ചിന്തയിലേയ്ക്ക് അദ്ദേഹം എങ്ങനെ മാറി? 2019-ലെ ചിന്തയിൽനിന്നും പുതിയ ചിന്തയിലേയ്ക്ക് വരാനുള്ള കാരണം ലോകായുക്തയ്ക്ക് പല്ലും നഖവുമുണ്ട്, ആ പല്ലും നഖവുമുപയോഗിച്ച് ലോകായുക്ത ഒരു കടി കടിച്ചു, ആ കടി കൊണ്ടയാൾ ആ വേദനയിൽ

ഇപ്പോഴും പുളയുകയാണ്. നമ്മൾ വിചാരിച്ച ആ കടിയുടെ വേദന മാറി ആ മുറിപ്പാടുകൾ മാത്രം അവശേഷിക്കുന്നുയെന്നാണ്.

ഡോ. കെ. ടി. ജലീൽ: സർ, .......(ബഹളം)......

ശ്രീ. സണ്ണി ജോസഫ്: സർ, പേര് ഞാൻ പറഞ്ഞിട്ടില്ല. തിരക്കിട്ട ഓർഡിനൻസിന്റെ കാര്യമെന്താണെന്ന്. സർക്കാർ എന്തെല്ലാം ശ്രമങ്ങൾ നടത്തി? ഇരുപത്തിമൂന്ന് വർഷങ്ങൾക്കുമുൻപ്, 22-02-1999-ൽ ഈ നിയമം കേരള നിയമസഭയിൽ ചർച്ച ചെയ്തപ്പോൾ കെ. എം. മാണി പറഞ്ഞത് 'competent authority റിപ്പോർട്ട് കൊടുത്തുകഴിഞ്ഞാൽ അത് ഗവൺമെന്റ് accept ചെയ്യുകയോ reject ചെയ്യുകയോ ചെയ്യാമെന്ന് പറയാൻ പാടില്ല, അത് accept ചെയ്യണം. ആ റിപ്പോർട്ടിന്മേൽ അന്വേഷണം നടത്തി substantiate ചെയ്ത ഒരാളെ protect ചെയ്യുന്നതെങ്ങനെ? ഗവൺമെന്റ് അത് accept ചെയ്യുക എന്നല്ലാതെ അത് reject ചെയ്യുക എന്നുപറയുന്നത് ശരിയായ ഒരു കാര്യമല്ല' എന്നാണ്. വിശദമായി അദ്ദേഹം പറഞ്ഞിട്ടുണ്ട്. കെ. സി. ജോസഫ്, ഇ. എം. ആഗസ്തി, ടി. എം. ജേക്കബ് തുടങ്ങി അന്നത്തെ അംഗങ്ങൾ മാത്രമല്ല പറഞ്ഞത്, ഇതിനെക്കുറിച്ച് കൂടുതൽ വ്യക്തമായി പറഞ്ഞത് മാർക്സിസ്റ്റ് പാർട്ടിയുടെ ഇന്നത്തെ പ്രമുഖ

നേതാക്കളായ ശ്രീ. ജി. സുധാകരനും ശ്രീ. ആനത്തലവട്ടം ആനന്ദനുമാണ്. ശ്രീ. ആനത്തലവട്ടം ആനന്ദൻ എന്താണ് പറഞ്ഞത് 'ലോകായുക്ത നിയമമനുസരിച്ച് അഴിമതി ആരോപണം തെളിയുകയും public servant തൽക്ഷണം ഒഴിയണമെന്നും ലോകായുക്ത ശിപാർശ ചെയ്യുകയും ചെയ്താൽ അവിടെ പല മെമ്പർമാരും ചൂണ്ടിക്കാണിച്ചതുപോലെ അത് നിരാകരിക്കാനുള്ള അധികാരം ഇന്ന് ഗവൺമെന്റിൽ നിക്ഷിപ്തമായിരിക്കുന്നത് ഇതുവരെ നടത്തിയ ചർച്ചയുടെ ഗൗരവസ്വഭാവം ഇല്ലായ്മ ചെയ്യുന്നതുകൊണ്ട് നിരാകരണത്തിനുള്ള അവകാശം എടുത്തുകളയണം എന്നാണ് എന്റെ അഭിപ്രായം'. ഇത് ശ്രീ. ആനത്തലവട്ടം ആനന്ദന്റെ  അന്നത്തെ അഭിപ്രായമാണ്. ശ്രീ. ജി. സുധാകരൻ എന്താണ് പറഞ്ഞത്. അത് ഇംഗ്ലീഷിലും മലയാളത്തിലുമുണ്ട്. '....ഗവൺമെന്റ് വളരെ ആത്മാർത്ഥമായും സത്യസന്ധമായും സാധ്യമായിടത്തോളം അഴിമതി തുടച്ചുനീക്കുന്നതിനുവേണ്ടി കൊണ്ടുവന്ന നിയമമാണ്.  ആ നിയമത്തിന്റെ ഉദ്ദേശ്യശുദ്ധിയെ പൂർണ്ണതയിലെത്തിക്കുന്നതിനുവേണ്ടിയുള്ള ഒരു ഭേദഗതിയാണ് ഇവിടെ അവതരിപ്പിക്കുന്നത്.  എല്ലാ തരത്തിലുമുള്ള നടപടിക്രമങ്ങൾ പാലിച്ചതിനുശേഷം ഒരു പൊതുപ്രവർത്തകൻ ഇന്ന കുറ്റം

ചെയ്തിരിക്കുന്നുവെന്ന് ലോകായുക്ത തീരുമാനിച്ചുകഴിഞ്ഞാൽ ആ കുറ്റം ചെയ്തയാൾ ഒരു തെരഞ്ഞെടുക്കപ്പെട്ട പദവി വഹിക്കുകയാണെങ്കിൽ അത് തീർച്ചയായും അപമാനകരമാണ്. ആ സ്ഥാനത്ത് ഒരു നിമിഷംപോലും അയാൾ തുടരാൻ പാടില്ല'..... ഇതാണ് അദ്ദേഹം പറഞ്ഞത്. ഈ നിയമത്തെ ഇന്ന് അതിന്റെ പല്ലും നഖവും പറിച്ചുകളഞ്ഞ്.... നിയമസഭ ചേരുന്നതിന് തൊട്ടടുത്തുള്ള ദിവസങ്ങളിലാണ് ഈ ഓർഡിനൻസ് കൊണ്ടുവന്നിട്ടുള്ളത്. നിയമസഭയിൽ കൊണ്ടുവരാൻ എന്തുകൊണ്ട് സാധിക്കുന്നില്ല? ഈ ഭേദഗതിക്ക് ആധാരമായി പറഞ്ഞതെന്താണ്? ഈ നിയമത്തിൽ ഒരു appeal provision ഇല്ല എന്ന്. അങ്ങനെയൊരു appeal provision ആണ് ഗവൺമെന്റ് കൊണ്ടുവരുന്നതെങ്കിൽ, ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് വ്യക്തമാക്കിയിട്ടുണ്ട്, ഞങ്ങളതിനെ സ്വാഗതം ചെയ്യും, പിന്തുണ കൊടുക്കും. ലോകായുക്തയുടെ 14-ാം വകുപ്പ് അനുസരിച്ചുള്ള ഉത്തരവിന് ഒരു അപ്പീൽ പ്രൊവിഷൻ വേണമെങ്കിൽ ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ ഡിവിഷൻ ബെഞ്ചിൽ ഒരു അപ്പീൽ കൊടുക്കാം എന്നാണ് കൊണ്ടുവരുന്നതെങ്കിൽ അതിന്റെ ന്യായം നമുക്ക് മനസ്സിലാക്കാം. ഇവിടെ അതല്ല. ലോകായുക്തയിൽ സുപ്രീംകോടതിയിൽനിന്നും റിട്ടയർ

ചെയ്ത ജഡ്ജോ ഹൈക്കോടതിയിൽനിന്നും ചീഫ് ജസ്റ്റിസ്സായി റിട്ടയർ ചെയ്ത വ്യക്തിയോ നിയമാനുസരണം നടപ്പിലാക്കുന്ന ഒരു ഉത്തരവിന്റെ അപ്പലേറ്റ് അതോറിറ്റിയായി ഒരു പൊളിറ്റിക്കൽ പാർട്ടിയുടെ നേതാവ് മുഖ്യമന്ത്രി എന്നുപറഞ്ഞാൽ...., ഉദാഹരണത്തിന് ഡോ. കെ. ടി. ജലീലിന്റെ കേസ് ബഹുമാന്യനായ മുഖ്യമന്ത്രിയുടെ മുന്നിൽ വന്നതല്ലേ? അദ്ദേഹം അത് എത്ര വലിച്ചുനീട്ടി? അപ്പോൾ ഈ ഭേദഗതിയിൽ യാതൊരു ഉദ്ദേശ്യശുദ്ധിയുമില്ല. ഇത് ഭരണഘടനയ്ക്ക് ചേർന്നതല്ലെന്ന് ഇപ്പോഴും ഇവിടെ ബഹുമാനപ്പെട്ട മന്ത്രി സൂചിപ്പിക്കുകയുണ്ടായി. ഭരണഘടനയിലെ 164-ാം അനുച്ഛേദം പറയുന്നതെന്താണ്? ഗവർണറുടെ പ്ലഷറനുസരിച്ചാണ് മന്ത്രി തുടരേണ്ടത്. ഗവർണറുടെ ഇച്ഛ എന്നുപറഞ്ഞാൽ ഗവർണറുടെ വ്യക്തിപരമായ ഇഷ്ടാനിഷ്ടങ്ങളല്ല. യോഗ്യതാ-അയോഗ്യതാ മാനദണ്ഡത്തിന്റെ അടിസ്ഥാനത്തിലാണ് നിയമപരമായി ഒരു മന്ത്രിയെ ഗവർണർ നിയോഗിക്കുന്നത്. ഭരണഘടനയനുസരിച്ച് നിയമപരമായി അയോഗ്യനായ ഒരു വ്യക്തിയെ Quo-warranto റിട്ടിന്റെ അടിസ്ഥാനത്തിൽ അയോഗ്യനാക്കാൻ കോടതികൾക്ക് സാധിക്കും. അങ്ങനെ അയോഗ്യനാക്കിയാൽ ഗവർണറുടെ ഇഷ്ടാനുസൃതമനുസരിച്ച് അദ്ദേഹത്തിന്

തുടരാൻ സാധിക്കുമോ? 'Representation of People Act' - തെരഞ്ഞെടുപ്പ് നിയമമനുസരിച്ച് ഒരു എം.എൽ.എ.-യെ അയോഗ്യനാക്കാം. അത്തരത്തിൽ അയോഗ്യനായാൽ അദ്ദേഹം മന്ത്രി സ്ഥാനത്തിനും അയോഗ്യനാണ്. അങ്ങനെ അയോഗ്യനാക്കപ്പെടുന്നൊരു വ്യക്തിയെ ഗവർണർ ഇഷ്ടപ്പെടുന്നു. ഡോ. കെ. ടി. ജലീലിനെ ഗവർണർ ഇഷ്ടപ്പെടുന്നുവെന്നതിന്റെ അടിസ്ഥാനത്തിൽ അദ്ദേഹത്തെ മന്ത്രിയായി തുടരാൻ ഗവർണറിന് അനുവദിക്കാൻ കഴിയില്ല. ഇത് നിയമസഭ പാസ്സാക്കിയ ഒരു നിയമമാണ്. ബഹുമാനപ്പെട്ട മന്ത്രി, ഈ നിയമവും ഭരണഘടനാ പ്രൊവിഷനും ഒന്നുകൂടി വായിച്ചുനോക്കണം. കേരളം അഴിമതിരഹിത സംസ്ഥാനമാണെന്ന് അവകാശപ്പെടുമ്പോൾ അഴിമതി വിരുദ്ധ നിയമങ്ങൾ നടപ്പിലാക്കാൻ സാധിക്കണം. ഇവിടെ അഴിമതിക്കെതിരെ സംസാരിക്കുന്നത് ആത്മാർത്ഥതയില്ലാതെയാണ്. ആർ. ബാലകൃഷ്ണപിള്ള സാറിനെതിരെ ആരോപണങ്ങളുന്നയിച്ച് അദ്ദേഹത്തെ ജയിലിലടച്ചു. അദ്ദേഹത്തെ പീഡിപ്പിച്ചും പിന്നീട് പ്രീണിപ്പിച്ചും അപ്പുറത്തേയ്ക്കെത്തിച്ചു. മാണി സാറിനെ വെടക്കാക്കി തനിക്കാക്കി, ശ്രീ. കെ. ബി. ഗണേഷ് കുമാറിനെയും അങ്ങനെ തന്നെ കൈകാര്യം ചെയ്തു....(മൈക്ക് ഓഫ്)...... ഈ വിഷയം

സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണമെന്ന് ആവശ്യപ്പെടുന്നു.

മി. സ്പീക്കർ: താങ്കൾക്ക് അനുവദിച്ച സമയം അവസാനിച്ചു.

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): സർ, ബഹുമാനപ്പെട്ട സണ്ണി ജോസഫ് എം.എൽ.എ. റെലവന്റായ കാര്യങ്ങളൊന്നും അടിയന്തരപ്രമേയാവതരണത്തിലൂടെ ഉന്നയിച്ചിട്ടില്ല. എന്നാൽ സഭയ്ക്കുപുറത്ത് ബി.ജെ.പി.യുമായി ചേർന്ന് നടത്തിക്കൊണ്ടിരിക്കുന്ന പ്രചാരവേലയുടെ ഒരാവർത്തനം മാത്രമാണ് ഇവിടെ നടത്തിയിട്ടുള്ളത്. ഞാൻ വളരെ പ്രസക്തമായൊരു കാര്യം നേരത്തെ ചോദിച്ചു. അങ്ങയുടെ പാർട്ടി ഭരിക്കുന്ന ഏതെങ്കിലും സംസ്ഥാനത്തെ നിയമത്തിൽ ഇപ്രകാരമൊരു വ്യവസ്ഥയുണ്ടോ എന്ന്. കോൺഗ്രസ്സിന് അഴിമതിയൊരു അലങ്കാരമായതുകൊണ്ട് അവിടെയൊന്നും ഇതുവേണ്ട എന്ന നിലപാട് അവർക്കുണ്ടായിരിക്കും. അതുകൊണ്ടായിരിക്കും അങ്ങനെ പറഞ്ഞിട്ടുണ്ടാകുക. പഞ്ചാബ്, ജാർഖണ്ഡ്, രാജസ്ഥാൻ എന്നീ 3 സംസ്ഥാനങ്ങളിലേയും ലോകായുക്ത ആക്ടിന്റെ പകർപ്പ് എന്റെ പക്കലുണ്ട്. ചർച്ചയുടെ സമയം വരുമ്പോൾ അതുവായിക്കാം. പഞ്ചാബിൽ യഥാർത്ഥത്തിൽ മുഖ്യമന്ത്രിയെ ഉൾപ്പെടുത്താൻ അവിടെ ഒരു

മുഖ്യമന്ത്രിയുണ്ടായിരുന്നില്ല. ....(ബഹളം)....

മി.സ്പീക്കർ: പരസ്പരം സംസാരിക്കരുത്. ബഹുമാനപ്പെട്ട മന്ത്രി മറുപടി പറയുകയാണ്. സഭാംഗങ്ങൾ ഇടയ്ക്കുകയറി സംസാരിക്കരുത്.

ശ്രീ. പി. രാജീവ്: പഞ്ചാബിൽ മുഖ്യമന്ത്രിയെക്കൂടി ഉൾപ്പെടുത്തണമെന്ന ക്യാബിനറ്റ് തീരുമാനം നിയമസഭ പാസ്സാക്കിയതായി രേഖകളിലൊന്നും ഞാൻ പരിശോധിച്ചപ്പോൾ കണ്ടില്ല. പ്രധാനമന്ത്രിയുടെ ലോക്പാലിന്റെ കോംപിറ്റന്റ് അതോറിറ്റി ആരാണ്? അത് ലോക്സഭയാണ്. പഞ്ചാബിൽ മുഖ്യമന്ത്രിയെ ഉൾപ്പെടുത്തണമെന്നാലോചിച്ച് ക്യാബിനറ്റ് അംഗീകരിച്ച ബില്ലിനകത്തും കോംപിറ്റന്റ് അതോറിറ്റി നിയമസഭയാണ്. ഇവിടെ ഗവർണറാണ് കോംപിറ്റന്റ് അതോറിറ്റി. ബഹുമാനപ്പെട്ട അംഗങ്ങൾ പറയുന്നതാണ് വാദമെങ്കിൽ, നിയമസഭയിൽ ഭൂരിപക്ഷമുള്ളവരാണെങ്കിൽ ഈ ശിപാർശ അംഗീകരിക്കാൻ സാധ്യതയുണ്ടാകുമോ? അഴിമതിക്കെതിരെയുള്ള സമരത്തിന്റെ ഉല്പന്നമായി ഇന്ത്യയുടെ രാഷ്ട്രീയത്തിൽ കടന്നുവരികയും ലോക്പാൽ ബില്ലിനുവേണ്ടിയുള്ള വലിയ സമരത്തിലൂടെ അധികാരത്തിലെത്തുകയും ചെയ്ത ആം ആദ്മി പാർട്ടി ഭരിക്കുന്ന

ഡൽഹിയിലെ നിയമവും എന്റെ കയ്യിലുണ്ട്. ഡൽഹിയിലെ നിയമത്തിലും ഇതുപോലെ റിപ്പോർട്ട് ചെയ്യാനാണ് പറയുന്നത്. 2013-ലാണ് നിങ്ങൾ നിയമം കൊണ്ടുവന്നത്. 1968-ലാണ് ഇന്ത്യയുടെ പാർലമെന്റിൽ ആദ്യമായി ലോക്പാൽ ബിൽ അവതരിപ്പിക്കുന്നത്. 1968-ൽതന്നെ ലോകസഭയിൽ ലോക്പാൽ ബിൽ പാസ്സാക്കിയല്ലോ; രാജ്യസഭയിൽ ലോക്പാൽ ബിൽ കൊണ്ടുവരുന്നതിനോ പാസ്സാക്കുന്നതിനോ 2013 വരെ നിങ്ങൾക്ക് കഴിഞ്ഞോ? അതല്ലേ കോൺഗ്രസ്സിന്റെ അഴിമതി വിരുദ്ധ ചരിത്രം. ബി.ജെ.പി.-യെ അധികാരത്തിലെത്തിച്ചത് നിങ്ങളുടെ നിലപാടല്ലേ? ആ കാലഘട്ടത്തിൽ അഴിമതിയുടെ ഭാഗമായി ബി.ജെ.പി. രാഷ്ട്രീയ അധികാരത്തിലേയ്ക്ക് വന്നു. ആ സമരങ്ങളുടെകൂടി ഭാഗമായി ലോക്പാൽ നിയമം കൊണ്ടുവന്നു. ലോക്പാൽ നിയമം കൊണ്ടുവന്നശേഷം നിങ്ങൾ ലോക്പാലിനെ നിയമിച്ചോ? 1968 മുതൽ 2013 വരെയുള്ള ദീർഘമായ സമരത്തിനുശേഷം 2013-ൽ ഒരു നിയമം കൊണ്ടുവന്നിട്ടും പ്രസ്തുത നിയമത്തെ അടിസ്ഥാനമാക്കി ഒരു ലോക്പാലിനെ പോലും നിയമിക്കാൻ തയ്യാറാകാതിരുന്നവരാണ് അഴിമതിക്കെതിരെയുള്ള പ്രഖ്യാപനം നടത്തുന്നത്. 2019-ലാണ് ലോക്പാലിനെ നിയമിച്ചത്. ബി.ജെ.പി. അതേ

സമീപനം സ്വീകരിച്ചു. കോടതിയുൾപ്പെടെ ഇടപെട്ടപ്പോഴാണ് ലോക്പാൽ വരുന്നത്. അഴിമതിയെക്കുറിച്ച് അദ്ദേഹം പറഞ്ഞ കാര്യങ്ങളൊന്നും ഞാൻ വിശദീകരിക്കുന്നില്ല. അതിനുള്ള സന്ദർഭമിതല്ല. കാരണം സമൂഹം എല്ലാം കാണുകയാണ്. ഇപ്പറഞ്ഞതെല്ലാം കേട്ടിട്ടാണ് കഴിഞ്ഞ തവണത്തേക്കാൾ കൂടുതൽ സീറ്റോടുകൂടി വീണ്ടും ജനങ്ങൾ ഞങ്ങളെ അധികാരത്തിലെത്തിച്ചത്. പഞ്ചാബിലെ കോൺഗ്രസ്സിന്റെ മുഖ്യമന്ത്രി ഇപ്പോൾ എവിടെയാണ് നില്ക്കുന്നതെന്ന് നോക്കിയാൽ മതി. അക്കാര്യങ്ങളിലേയ്ക്ക് ഈ ചർച്ചയെ വഴിതിരിച്ച് കൊണ്ടുപോകേണ്ടതില്ല. മുൻപ് ബിൽ ചർച്ച ചെയ്തപ്പോഴുള്ള കാര്യങ്ങൾ ഇവിടെപറഞ്ഞു. അതിന്റെ പ്രൊസീഡിംഗ്സ് മുഴുവൻ നിയമസഭാ ലൈബ്രറിയിൽ ലഭ്യമാണ്. അംഗീകരിക്കപ്പെട്ട വ്യവസ്ഥകൾ ഓർഡിനൻസിലുണ്ടായിരുന്നില്ല, അവതരിപ്പിക്കേണ്ട ബില്ലിലില്ല, സബ്ജക്ട് കമ്മിറ്റി ശിപാർശ ചെയ്തിട്ടുമില്ല. ചർച്ചക്കിടയിൽ ഒരു അഭിപ്രായം ഉയർന്നുവന്നു. ഇവിടെ പറഞ്ഞതുപോലെ ബഹുമാനപ്പെട്ട അംഗങ്ങൾ അഭിപ്രായങ്ങൾ ഉന്നയിച്ചു. അത് 13-ാം വകുപ്പാണ്. പിന്നീട് ചർച്ച ചെയ്യാമെന്ന് പറഞ്ഞു. വകുപ്പുതിരിച്ചുള്ള പരിഗണനാവേളയിൽ ബഹുമാനപ്പെട്ട മന്ത്രി ഭേദഗതി കൊണ്ടുവന്നു. പ്രസ്തുത ഭേദഗതി സഭ

അംഗീകരിച്ചു. Legislative intent ആയതിനാൽ അത് അംഗീകരിച്ചു. ആ പ്രൊസീഡിംസിൽ ഇത് ഭരണഘടനാനുസൃതമാണോ, നിയമ വകുപ്പിന്റെ പരിശോധന തുടങ്ങിയ മറ്റുകാര്യങ്ങളൊന്നും നടന്നിട്ടില്ല. പക്ഷെ നിയമസഭയുടെ ഇന്റന്റ് ഉപയോഗിച്ചുകൊണ്ട് ആ തീരുമാനമെടുത്തു. അത് നിയമത്തിന്റെ ഭാഗമായി. അത് പിന്നെ പരിശോധിക്കപ്പെട്ടിട്ടില്ല. തുടർന്ന് എല്ലാ പരിശോധനകൾക്കുശേഷം ജനകീയ ലോക്പാൽ ബിൽ വന്നു. നിങ്ങൾ ജൻ ലോക്പാൽ ബിൽ പരിശോധിച്ചുനോക്കണം. അതിൽ ഈ വ്യവസ്ഥയുണ്ടോ? ഈ ചർച്ചകൾക്കുശേഷം ഗവൺമെന്റിന് മുന്നിൽ ഭരണഘടനയുമായി നിരക്കാത്ത ഒരു വ്യവസ്ഥയുണ്ടെന്നുവന്നാൽ പ്രസ്തുത വ്യവസ്ഥ, ഭരണഘടനാനുസൃതമാക്കുകയെന്ന ഭരണഘടനാപരമായ ഉത്തരവാദിത്വമാണ് ഗവൺമെന്റ് നിർവ്വഹിച്ചിട്ടുള്ളത്. അതുകൊണ്ടാണ് ലോകായുക്താ ഭേദഗതി കൊണ്ടുവന്നിട്ടുള്ളത്. ഇവിടെ കോടതിയുടെ കാര്യം സൂചിപ്പിച്ചു. കോടതിയോടുള്ള കോൺഗ്രസ്സിന്റെ ബഹുമാനം വളരെ നല്ല കാര്യമാണ്. 1975-ൽ അടിയന്തരാവസ്ഥ പ്രഖ്യാപിച്ച സാഹചര്യമുണ്ടായത് ഓർക്കുമല്ലോ? അലഹബാദ് ഹൈക്കോടതി ഇന്ദിരാഗാന്ധിയുടെ തെരഞ്ഞെടുപ്പ് റദ്ദാക്കി. അത് മറികടക്കാൻ ജൂൺ 25-ന് അടിയന്തരാവസ്ഥ

പ്രഖ്യാപിച്ചു. 1975-ലെ കാര്യമാണ് പറയുന്നത്. ചരിത്രം ഓർക്കാൻ നിങ്ങൾക്ക് കുറച്ച് അസ്വസ്ഥതയുണ്ടാകും. ആ വിധി നിലനില്ക്കുമ്പോഴാണ് 39-ാം ഭരണഘടനാ ഭേദഗതി കൊണ്ടുവന്നത്. തെരഞ്ഞെടുപ്പിലൂടെ അയോഗ്യയാക്കപ്പെട്ട ഒരു പ്രധാനമന്ത്രിയുടെ അപ്പീൽ നിലനില്ക്കുമ്പോൾ, പ്രധാനമന്ത്രിയുടേയും സ്പീക്കറുടേയും തെരഞ്ഞെടുപ്പ് കോടതിയിൽപോലും ചോദ്യം ചെയ്യാൻ പാടില്ലായെന്ന ഭേദഗതി ഒരു പരിശോധനയും ചർച്ചയുമില്ലാതെ ഒറ്റ ദിവസം കൊണ്ട് പാസ്സാക്കിയ ആളുകളാണ് ഇപ്പോൾ ജുഡീഷ്യറിയുടെ മഹത്വത്തെക്കുറിച്ച് പറയുന്നത്. ചരിത്രത്തിലേയ്ക്ക് ഞാൻ കടക്കുന്നില്ല. കാരണം കോൺഗ്രസ്സിന്റെ ജനാധിപത്യവിരുദ്ധ നടപടിയെക്കുറിച്ച് പരാമർശിക്കാൻ കുറേയേറെ സമയമെടുക്കും.

ലോകായുക്തയുടെ കാര്യമെടുക്കുകയാണെങ്കിൽ ഇവിടെ സൂചിപ്പിച്ചതുപോലെ അത് മൗലികമായ ചോദ്യമായിരുന്നു. ഒരു സ്റ്റാറ്റ്യൂട്ടറി പ്രൊവിഷൻ കൊണ്ട് ഭരണഘടനാ വ്യവസ്ഥയെ മറികടക്കാൻ കഴിയുമോയെന്നതായിരുന്നു മൗലികമായ ചോദ്യം. ഒരു സ്റ്റാറ്റ്യൂട്ടറി സ്ഥാപനത്തിൽ ഭരണഘടനാ സ്ഥാപനത്തെ അയോഗ്യമാക്കി പ്രഖ്യാപിക്കാൻ കഴിയുമോ? ഇതാണ് മൗലികമായ ചോദ്യമായി ഞങ്ങളുടെ

മുന്നിൽ വന്നത്. ഇന്ത്യയുടെ സംസ്ഥാനങ്ങളിലെന്നല്ല ലോകത്തേതെങ്കിലും രാജ്യത്ത് ഒരു സ്റ്റാറ്റ്യൂട്ടറി സംവിധാനത്തിന് ഭരണഘടനാ സംവിധാനത്തെ അയോഗ്യമാക്കാമെന്ന് വ്യവസ്ഥയുള്ള എന്തെങ്കിലും സംവിധാനം നിലനില്ക്കുന്നുണ്ടോയെന്ന് ഞാൻ ബഹുമാനപ്പെട്ട അംഗത്തോടും പ്രതിപക്ഷത്തോടും ചോദിക്കുകയാണ്.

Quo-warranto ഉണ്ടല്ലോയെന്ന് പ്രമേയാവതാരകൻ ബഹുമാനപ്പെട്ട സണ്ണി ജോസഫ്, എം.എൽ.എ. പറയുകയുണ്ടായി. കളക്ടീവ് റെസ്പോൺസിബിലിറ്റി പോയ ചില മന്ത്രിമാരെ quo-warranto പ്രകാരം അയോഗ്യരാക്കണമെന്ന ഒരു quo-warranto കേസ് കഴിഞ്ഞ ഗവൺമെന്റിന്റെ സമയത്തുണ്ടായിരുന്നു. അന്ന് കോടതി പറഞ്ഞു, even if there are any disqualification, they are not judicious and has to be decided by the Hon'ble Governor. പ്രതിപക്ഷം എപ്പോഴും ഉദ്ധരിക്കുന്ന ഒരു കേസ്സാണ് B. R. KAPOOR Vs. STATE OF TAMIL NADU AND ANR. ഇതൊരു അസാധാരണമായ കേസ്സാണ്. കുമാരി ജയലളിത മൂന്ന് വർഷത്തേയ്ക്ക് ശിക്ഷിക്കപ്പെട്ടു. എന്നിട്ടും അവർ തെരഞ്ഞെടുപ്പിൽ നോമിനേഷൻ കൊടുക്കാൻ പോയി. രണ്ട് വർഷത്തിൽ കൂടുതൽ

ശിക്ഷിക്കപ്പെട്ട ഒരാൾക്ക് തെരഞ്ഞെടുപ്പിൽ മത്സരിക്കാൻ കഴിയില്ല. അവർ തെരഞ്ഞെടുപ്പിൽ കൊടുത്ത നോമിനേഷൻ തള്ളിയതുകാരണം മത്സരിക്കാൻ കഴിഞ്ഞില്ല. തെരഞ്ഞെടുപ്പിൽ All India Anna Dravida Munnetra Kazhagam (AIADMK)-ക്ക് ഭൂരിപക്ഷം കിട്ടി. ഭൂരിപക്ഷം കിട്ടിയ പാർട്ടി നേതാവായിക്കൊണ്ട്.....

<u>മി. സ്പീക്കർ</u>: മുറുമുറുപ്പ് കുറച്ചുസമയമായി ചെയർ കേൾക്കുന്നു. മന്ത്രി ആദ്യം സംസാരിച്ചതുൾപ്പെടെയുള്ള സമയമാണിത്. വസ്തുത മനസ്സിലാക്കാതെ ഇത്തരം അഭിപ്രായപ്രകടനങ്ങൾ നടത്തുന്നത് ഉചിതമല്ല. അങ്ങ് തുടർന്നോളൂ.

<u>ശ്രീ. പി. രാജീവ്</u>: സർ, AIADMK ഭൂരിപക്ഷ പ്രകാരം കുമാരി ജയലളിത നേതാവായി തെരഞ്ഞെടുക്കപ്പെട്ടു. കുമാരി ജയലളിതയെ ബഹുമാനപ്പെട്ട ഗവർണ്ണർ ക്ഷണിച്ചു, അവർ മുഖ്യമന്ത്രിയായി സത്യപ്രതിജ്ഞ ചെയ്തു. ഇന്ത്യൻ ഭരണഘടനയുടെ ആർട്ടിക്കിൾ 191 നിയമസഭാംഗത്തിന്റെ അയോഗ്യതകൾ സംബന്ധിച്ചുള്ളതാണ്. നിയമസഭാംഗമാകാൻ അയോഗ്യനായ ഒരാൾ മുഖ്യമന്ത്രിയാകാമോ? ഈ ചോദ്യമാണ് B. R. KAPOOR Vs. STATE OF TAMIL NADU AND ANR കേസ്സിൽ

ബഹുമാനപ്പെട്ട സുപ്രീംകോടതി പരിശോധിച്ചത്. ആർട്ടിക്കിൾ 164 വായിക്കുമ്പോൾ ആട്ടിക്കിൾ 173, 191-ഉം ചേർത്ത് വായിക്കണമെന്നാണ് ബഹുമാനപ്പെട്ട സുപ്രീംകോടതി പറഞ്ഞത്. അതാണ് quo-warranto-യിലെ ഏക അത്യപൂർവ്വമായ വിധി. സുപ്രീം കോടതിയും ഭരണഘടനാ സ്ഥാപനമാണ്. ഇവിടെ സ്റ്റാറ്റ്യൂട്ടറി സംവിധാനത്തിന് ഒരു കോൺസ്റ്റിറ്റ്യൂഷണൽ സംവിധാനത്തെ മറികടക്കാൻ അധികാരമില്ലെന്നുള്ള ഭരണഘടനയുമായി ചേർന്നുനിൽക്കാത്ത പക്ഷമാണ് ഞങ്ങൾ പരിശോധിച്ചത്. ഒരു കാര്യംകൂടി സൂചിപ്പിക്കാൻ ഞാൻ ആഗ്രഹിക്കുന്നു. ഭരണഘടനാ വിരുദ്ധമാണെന്നുള്ളത് കോടതി നിശ്ചയിച്ചിട്ടുണ്ടോ; അതിനും ഒരു വിധി ഉദ്ധരിക്കുന്നുണ്ട്. ആ ചോദ്യം എന്താണ്? ആ കേസ്സിൽ വന്ന ചോദ്യം, സുപ്രീം കോടതിക്ക് ഒരു നിയമം കോൺസ്റ്റിറ്റ്യൂഷണാലിറ്റിയുണ്ടോയെന്ന് പരിശോധിക്കാമോ എന്നതാണ്. അത് കോടതിക്ക് മാത്രമേ പരിശോധിക്കാൻ കഴിയുകയുള്ളൂ. അത് ശരിയാണ്. പക്ഷെ നിയമമുണ്ടാക്കുന്ന പാർലമെന്റിന് അല്ലെങ്കിൽ നിയമസഭയ്ക്ക് ഒരു നിയമം ഭരണഘടനയ്ക്ക് ചേരാത്തതാണോ കാലത്തിന് ചേരാത്തതാണോയെന്ന് മനസ്സിലായിക്കഴിഞ്ഞാൽ, അതിൽ മാറ്റം

വരുത്താനുള്ള അധികാരം ഇന്ത്യയിലെ ഭരണഘടന നിയമസഭയ്ക്ക് അല്ലെങ്കിൽ പാർലമെന്റിനാണ് നൽകുന്നത്. പാർലമെന്റോ നിയമസഭയോ ആ അധികാരം വിനിയോഗിക്കാതിരുന്നാൽ അവിടേയ്ക്ക് കോടതിക്ക് കയറാൻ വഴിയിട്ടുകൊടുക്കും. അതുകൊണ്ട് ബഹുമാനപ്പെട്ട പ്രതിപക്ഷം നിയമസഭയുടെ അധികാരം മുറുകെ പിടിക്കുകയാണ് ചെയ്യേണ്ടത്. നിയമസഭ ചേരാത്ത സന്ദർഭത്തിൽ അതേ ഉത്തരവാദിത്വം ഭരണഘടനാനുസൃതമായി ഓർഡിനൻസിലൂടെ നിർവ്വഹിക്കാൻ ഗവൺമെന്റിനുള്ള അവകാശത്തെയും മുറുകെ പിടിക്കുകയെന്നതാണ് പ്രധാനം. അതുകൊണ്ട് ഈ വിഷയം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യേണ്ട ഒരു സാഹചര്യമില്ല. ഞാൻ ആദ്യം സൂചിപ്പിച്ചതുപോലെ സ്വാഭാവികമായും ഇത് സഭയുടെ മുമ്പിൽ വരും, ഓർഡിനൻസ് ബില്ലായി വരും. ആ സന്ദർഭത്തിൽ എല്ലാവശങ്ങളും ചർച്ച ചെയ്യാനുള്ള അവസരമുണ്ട്. ഇവിടെ ഉന്നയിക്കപ്പെട്ട കാര്യങ്ങളെല്ലാം വസ്തുതാവിരുദ്ധമാണ്. പുകമറ സൃഷ്ടിച്ചുകൊണ്ടുള്ള നിലപാടിലേയ്ക്കാണ് എത്തുന്നത്. പ്രതിപക്ഷം ഞങ്ങൾ തമ്മിലുള്ള തർക്കത്തെ പറഞ്ഞ് പ്രകോപിപ്പിക്കാൻ നോക്കിയല്ലോ. ഞാൻ പ്രതിപക്ഷനിരയിലേയ്ക്ക് നോക്കി. അവിടെ ഒരാളുടെ അഭാവം തെളിഞ്ഞ്

കാണുകയാണ്. ഈ വിഷയത്തിൽ നിരാകരണപ്രമേയമേ പാടുള്ളൂവെന്ന് പറഞ്ഞ ആൾ സഭയിലില്ലായെന്നത് കാണണം. അദ്ദേഹത്തിന്റെ നിരാകരണപ്രമേയത്തിന്റെ ആവശ്യത്തെ തള്ളാനാണല്ലോ ഇപ്പോൾ അടിയന്തരപ്രമേയവുമായി വന്നത്. അതിൽ പ്രതിഷേധിച്ചു കൊണ്ടായിരിക്കാം ഒരാളെ ഇവിടെ കാണാതിരിക്കുന്നത്. നിങ്ങൾ തമ്മിലുള്ള തർക്കം ആദ്യം തീർത്തിട്ട് ഇങ്ങോട്ട് വരുന്നതായിരിക്കും നല്ലത്. ഈ ഗവൺമെന്റ് ഒറ്റക്കെട്ടായി ജനങ്ങൾക്കുവേണ്ടി പ്രവർത്തിച്ചുകൊണ്ടിരിക്കുകയാണ്. അതുകൊണ്ട് സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യേണ്ട ഒരു സാഹചര്യവും ഈ പ്രശ്നത്തിൽ നിലനിൽക്കുന്നില്ല.

മി. സ്പീക്കർ: ബഹുമാനപ്പെട്ട നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രിയുടെ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ അടിയന്തരപ്രമേയത്തിന് അനുമതി നിഷേധിക്കുന്നു.

(അടിയന്തരപ്രമേയാവതരണത്തിന് അനുമതി നിഷേധിച്ചു.)

പ്രതിപക്ഷനേതാവ് (ശ്രീ. വി. ഡി. സതീശൻ): സർ, നമ്മുടെ രാജ്യത്ത് നരേന്ദ്ര മോദി ഭരണകൂടം അഴിമതി നിരോധന നിയമത്തിൽ സുപ്രധാനമായ ഭേദഗതികൾ വരുത്തിക്കൊണ്ട് അഴിമതി നിരോധന നിയമത്തെ രാജ്യത്ത് ദുർബ്ബലമാക്കി. ഈ സർക്കാർ ലോകായുക്ത നിയമത്തിൽ പെട്ടെന്ന് ഓർഡിനൻസ് കൊണ്ടുവന്ന് ലോകായുക്ത നിയമത്തെ ദുർബ്ബലമാക്കിയിരിക്കുകയാണ്. സംസ്ഥാനത്ത് നിലവിൽ അഴിമതി വിരുദ്ധ സംവിധാനങ്ങൾ ദുർബ്ബലമായിരിക്കുന്നുവെന്നതാണ് ഞങ്ങൾ ഈ അടിയന്തരപ്രമേയം ചർച്ച ചെയ്യണമെന്നാവശ്യപ്പെട്ട് നോട്ടീസ് നൽകിയിരിക്കുന്നതിന്റെ കാതൽ. വളരെ ഗൗരവത്തോടുകൂടി ഓർഡിനൻസ് ഉൾപ്പെടെയുള്ള കാര്യങ്ങൾക്ക് ഒരു ഗ്രീൻ സിഗ്നൽ കൊടുക്കുകയാണ്. ഏത് അഴിമതി കാണിച്ചാലും എന്ത് കൊള്ള ചെയ്താലും നിങ്ങൾ ഭയപ്പെടേണ്ട എന്ന മെസ്സേജ് സ്റ്റേറ്റ് കൊടുക്കുകയാണ്. നിങ്ങളെ നിയമത്തിന്റെ മുമ്പിൽ കൊണ്ടുവരാനുള്ള ഫലപ്രദമായ സംവിധാനങ്ങളൊന്നും നിലവിലില്ല. പ്രത്യേകിച്ച് നിങ്ങൾ ഞങ്ങളുടെ ഇഷ്ടക്കാരാണെങ്കിൽ നിങ്ങളുടെ അഴിമതിക്ക് ഞങ്ങൾ കുട പിടിച്ചുതരാം, ഞങ്ങളോട് ചേർന്നുനിന്നാൽ മതി ഒരു കുഴപ്പവുമില്ല, ഞങ്ങൾ സംരക്ഷിക്കാം എന്നാണ്. കാരണം, എല്ലാം

ഭരണകൂടത്തിന്റെ നിയന്ത്രണത്തിലുള്ള അഴിമതി വിരുദ്ധ സംവിധാനങ്ങൾ മാത്രമാണ്. ആ സംവിധാനങ്ങൾ ഫലപ്രദമല്ല. നിരന്തരമായി ഈ രാജ്യത്തുടനീളം നിയമനിർമ്മാണസഭകൾക്ക് അകത്തും പുറത്തും നടന്ന വിശദമായ ചർച്ചകൾക്കുശേഷം അഴിമതി നിയന്ത്രണ വിരുദ്ധ സംവിധാനങ്ങൾ കൊണ്ടുവരാനുള്ള കാരണങ്ങൾ അതുകൊണ്ടാണ്. അതാണ് ഇവിടത്തെ ഏറ്റവും പ്രധാനപ്പെട്ട വിഷയം. ഇവിടെ ബഹുമാനപ്പെട്ട നിയമ വകുപ്പുമന്ത്രി വിചിത്രമായ വാദങ്ങളാണ് ഉയർത്തിയത്. മറ്റേതെങ്കിലും സംസ്ഥാനത്ത് ഇതുപോലെയൊരു പ്രൊവിഷനുണ്ടോയെന്നാണ് അദ്ദേഹം ചോദിച്ചത്. 22 വർഷം മുമ്പ് ഇ. കെ. നായനാർ മുഖ്യമന്ത്രിയും ഇ. ചന്ദ്രശേഖരൻ നായർ നിയമ വകുപ്പുമന്ത്രിയുമായിരിക്കുമ്പോൾ ഈ നിയമസഭയിലെ പരിണിതപ്രജ്ഞരായ അംഗങ്ങൾ ഗൗരവതരമായി ചർച്ച ചെയ്ത് രൂപപ്പെടുത്തിയെടുത്ത ഒരു നിയമത്തെ 22 വർഷത്തിനുശേഷം ഈ സർക്കാർ കഴുത്ത് ഞെരിച്ച് കൊല്ലുകയാണ്. എന്താണ് കാരണം? അങ്ങനെയാണെങ്കിൽ മറ്റ് സംസ്ഥാനങ്ങളിലൊന്നുമില്ലാത്തതുകൊണ്ട് ഇവിടെ വേണ്ടായെന്നാണ് നിങ്ങൾ തീരുമാനിക്കുന്നതെങ്കിൽ 57 വർഷം മുമ്പ് അല്ലെങ്കിൽ 59 വർഷം മുമ്പ് ഈ നിയമസഭ പാസ്സാക്കിയ ഭൂപരിഷ്കരണ

നിയമം നിങ്ങൾ ഇല്ലാതാക്കുമോ? 1963-ൽ ആർ. ശങ്കർ മുഖ്യമന്ത്രിയായിരുന്നപ്പോൾ ഭൂപരിഷ്കരണ നിയമംപോലെ അഭിമാനകരമായ നിയമങ്ങൾ ഈ നിയമനിർമ്മാണസഭ പാസ്സാക്കിയിട്ടുണ്ട്. മറ്റ് സംസ്ഥാനങ്ങളിലൊന്നുമില്ലെന്ന പേരിൽ നിങ്ങൾ അതിനെ ഇല്ലാതാക്കുമോ? എന്തുകൊണ്ടാണ് ബഹുമാനപ്പെട്ട മുഖ്യമന്ത്രി ചിന്ത എന്ന വാരികയിൽ ലേഖനമെഴുതി അഭിമാനം കൊണ്ടത്. ഇവിടെ കടിക്കുന്ന കാവൽ നായയുണ്ട്. ഓംബുഡ്സ്മാനെപ്പോലെയല്ല അത് കുരയ്ക്കുകയേയുള്ളൂ, കടിക്കുകയില്ല. ഞാൻ അഭിമാനത്തോടെ പറയുന്നു, കേരളത്തിൽ കടിക്കുന്ന കാവൽ നായയുണ്ട്, അതാണ് കേരളത്തിലെ ലോകായുക്ത. അതിനെ ശക്തിപ്പെടുത്തണമെന്ന് 2019-ൽ പറഞ്ഞ മുഖ്യമന്ത്രി 2021 ആയപ്പോൾ എന്താണ് ആ ലോകായുക്തയുടെ കടിക്കുന്ന പല്ല് പറിച്ചെടുക്കാൻ തീരുമാനമെടുത്തത്? അതാണ് ചോദ്യം. ഞാൻ നിയമ വകുപ്പുമന്ത്രിയോട് ചോദിക്കുന്നു, ആർട്ടിൾ 213 പ്രകാരം ഓർഡിൻസ് പ്രഖ്യാപിക്കുന്നത് എമർജൻസി സിറ്റ്വേഷനിലാണ്. ഇവിടെ നിയമസഭ ചേരാൻ തത്വത്തിൽ തീരുമാനിച്ചതിനുശേഷം നിയമസഭ ചേരാനുള്ള ക്യാബിനറ്റ് തീരുമാനം

ഒരാഴ്ച വൈകിപ്പിച്ച് തീരുമാനമെടുക്കുന്നതിന്റെ തൊട്ട് തലേദിവസം ഗവർണ്ണറെക്കൊണ്ട് ഓർഡിനൻസ് ഒപ്പുവയ്പ്പിച്ച് ഇത്ര എമർജൻസിയായി ഈ നിയമം കൊണ്ടുവന്നതെന്തിനാണ്? 22 വർഷമായി ഒരു ദ്രോഹവും ചെയ്യാത്ത ഈ നിയമം ഇപ്പോൾ എമർജൻസിയായി ഓർഡിനൻസ് കൊണ്ടുവന്നത്, മുഖ്യമന്ത്രിക്കെതിരായി നാല് കേസ്സുകൾ ലോകായുക്തയിൽ നിൽക്കുന്നുവെന്നുള്ള ഭയം കാരണമാണ്. ആർട്ടിക്കിൾ 213 അനുസരിച്ച് എമർജൻസിയായി ഓർഡിനൻസ് കൊണ്ടുവരേണ്ട എന്ത് പ്രത്യേക സാഹചര്യമാണ് കേരളത്തിൽ 22 കൊല്ലമായി പാസ്സാക്കിയ ലോകായുക്ത നിയമത്തിൽ ഭേദഗതി വരുത്തുന്നതിനുള്ളതെന്ന ചോദ്യത്തിന് ഉത്തരം പറയുന്നില്ല. രഹസ്യമായി ഓർഡിനൻസ് കൊണ്ടുവന്നു. ഇടതുമുന്നണിയിലും പാർട്ടിയിലും ക്യാബിനറ്റിലും ചർച്ച ചെയ്തില്ല. ശ്രീ. കാനം രാജേന്ദ്രനോടും സി.പി.ഐ. അംഗങ്ങളോടും ബഹുമാനപ്പെട്ട മന്ത്രി മറുപടി പറയണം. സി.പി.ഐ. സെക്രട്ടറി പറഞ്ഞത്, ഇടതുപക്ഷ ജനാധിപത്യമുന്നണിയുടെ അഴിമതി വിരുദ്ധ മുഖത്തിനുനേരെ ലോകായുക്ത ഓർഡിനൻസ് തുറിച്ച്

നോക്കുന്നുവെന്നാണ്. രണ്ടാമത് അദ്ദേഹം പറഞ്ഞത്, അങ്ങിപ്പോൾ നിഷ്ക്കരുണം തള്ളിക്കളഞ്ഞ കേരളത്തിന്റെ പ്രതിപക്ഷത്തിന്റെ വാദമുഖങ്ങൾക്ക് ജനങ്ങൾക്കിടയിൽ വിശ്വാസ്യതയേറുന്നുവെന്ന വാചകമാണ്. അതുകൊണ്ട് നിങ്ങൾ അവിടെ ബോധ്യപ്പെടുത്തണം. ഇവിടത്തെകാര്യം ഞാൻ പറയാം. പിന്നെ നിയമപരമായി പറഞ്ഞ കാര്യമാണ്. ആർട്ടിക്കിൾ 164 പ്രകാരം ഗവർണ്ണറുടെ പ്ലഷർ അനുസരിച്ചിട്ടാണ് മന്ത്രിമാർ നിൽക്കുന്നത്, അല്ലാതെ നിൽക്കാൻ കഴിയില്ല. ഞാൻ അന്ന് മന്ത്രിയോട് ചോദിച്ചു, The Representation of the People Act, (RP Act)-ന്റെ സെക്ഷൻ 8 അനുസരിച്ച് ഒരാളെ ഡിസ്ക്വാളിഫൈ ചെയ്താൽ അവിടെ ഗവർണ്ണറുടെ പ്ലഷറുണ്ടോ? ആ മന്ത്രി മാറിയേ പറ്റുകയുള്ളൂ. Quo-warranto റിട്ട് - ആർട്ടിക്കിൾ 32 പ്രകാരം സുപ്രീം കോടതിക്കും ആർട്ടിക്കിൾ 226 പ്രകാരം ഹൈക്കോടതിക്കും അനുവദിക്കാം. Quo-warranto റിട്ട് ഒരു കോടതി അനുവദിച്ചാൽ ഗവർണ്ണറുടെ പ്ലഷർ അനുസരിച്ച് മന്ത്രിക്ക് അവിടെ തുടരാൻ സാധിക്കുമോ? അപ്പോൾ ഗവർണ്ണറുടെ പ്ലഷർ എന്നത്, Article 164 is not absolute at all.

ജയലളിതയ്ക്കെതിരായ B. R. KAPOOR Vs. STATE OF TAMIL NADU AND ANR-എന്ന കേസ്സിൽ സുപ്രീംകോടതി ഇത് പരിഗണിച്ചു. Article 164-നമീതെ ഈ Quo-warranto നിൽക്കും. Quo-warranto-യുടെ മെയിന്റനബിലിറ്റിയെക്കുറിച്ച് രണ്ടുമൂന്ന് പാരഗ്രാഫ് പറയുന്നുണ്ട്. ഞാൻ സമയക്കുറവുമൂലം അത് വായിക്കുന്നില്ല. Article 164-നമീതെ Quo-warranto മെയിന്റനബിളാണ്. അതുകൊണ്ടാണ് തമിഴ്നാട് മുഖ്യമന്ത്രിയായിരുന്ന ജയലളിതയോട് under what authority you are continuing that post എന്ന് Quo-warranto പ്രകാരം ചോദിച്ചത്. നിങ്ങൾക്ക് അധികാരമില്ല, നിങ്ങൾ പോസ്റ്റ് ക്വിറ്റ് ചെയ്യണമെന്ന് പറയുന്നത്. അതിനുള്ള അധികാരം കോടതികൾക്കില്ല, Article-164 ആണ് അന്തിമമെന്ന് പറയുന്ന വാദത്തിന് യാതൊരു മുഖവുമില്ല. ബഹുമാനപ്പെട്ട നിയമ വകുപ്പുമന്ത്രി ഈ ഓർഡിനൻസിനെ ന്യായീകരിക്കാൻവേണ്ടി ഈ നിയമം unconstitutional (ഭരണഘടനാ വിരുദ്ധം) ആണെന്ന് ആദ്യമേ പറഞ്ഞു. 'ഞാൻ ഈ നാട്ടിലെ നിയമത്തേയും ഭരണഘടനയേയും അനുസരിക്കുമെന്ന് അങ്ങ് സത്യപ്രതിജ്ഞ ചെയ്ത് അധികാരം ഏറ്റെടുത്ത ആളാണ്. ഞാൻ ബഹുമാനപ്പെട്ട അങ്ങയോട് ചോദിക്കുന്നു, നിയമസഭ

പാസ്സാക്കിയ ഒരു നിയമത്തിൽ ഭേദഗതി വരുന്നതിനുമുമ്പ് സംസ്ഥാനത്തെ ഒരു മന്ത്രി പറയുകയാണ്, ഇത് ഭരണഘടനാ വിരുദ്ധമാണെന്ന്. എന്താണ് ഇത് നൽകുന്ന മെസ്സേജ്; ഭരണഘടനാ വിരുദ്ധമായ ഈ നിയമം അനുസരിക്കേണ്ടായെന്നാണ് മെസേജ്. നാളെ എല്ലാ മന്ത്രിമാരും ഈ നിയമസഭ പാസ്സാക്കിയ നിയമം ഭരണഘടനാ വിരുദ്ധമാണെന്ന് പറഞ്ഞാൽ, അവർക്ക് അതിനുള്ള അധികാരമുണ്ടോ; ഒരു നിയമം ഭരണഘടനാ വിരുദ്ധമാണെന്ന് പറയാനുള്ള അധികാരം ആർക്കാണുള്ളത്; അതാണ് Union of India vs Elphinstone Spinning & Weaving case-ൽ സുപ്രീം കോടതി പറഞ്ഞത്, no one is authorised to say that a law passed by a Legislature is unconstitutional unless and until a competent court declares otherwise. ബന്ധപ്പെട്ട ഒരു കോടതിക്കല്ലാതെ, ഒരു നിയമനിർമ്മാണ സഭ പാസ്സാക്കിയ നിയമം ഭരണഘടനാ വിരുദ്ധമാണെന്ന് പറയാൻ നാട്ടിൽ ഒരാൾക്കും അധികാരമില്ല. ഈ നിയമസഭയ്ക്കോ പാർലമെന്റിനോപോലും അധികാരമില്ല. നമ്മൾ പാസ്സാക്കിയ നിയമം എന്താണ്; 'Presumption of Constitutionality' . Presumption ആണ്. A law passed by a Legislature is constitutional എന്നതാണ്

Presumption. അതിനപ്പുറത്ത് unconstitutional ആണെന്ന് സംസ്ഥാനത്തിന്റെ നിയമ വകുപ്പുമന്ത്രി പറഞ്ഞത് ഭരണഘടനാ വിരുദ്ധവും നിയമവിരുദ്ധവും ഈ നിയമം അനുസരിക്കണ്ടായെന്നുള്ള സന്ദേശവും കൂടിയാണ്. അങ്ങയെപോലുള്ള ഒരാൾ അത് പറയാൻ പാടില്ലായിരുന്നു. സ്റ്റാറ്റ്യൂട്ടറി അതോറിറ്റിയെ സംബന്ധിച്ച് ഇവിടെ ചോദിച്ചു. ഇൻവെസ്റ്റിഗേഷൻ നടത്തി, വിചാരണകൾ നടത്തി, തെളിവെടുപ്പുകൾ നടത്തി ഫൈൻഡ് ചെയ്യാമെന്ന്. അതാണ് 1999-ൽ നിയമസഭയിലെ ചർച്ചയിൽ വന്നത്. ഒരാൾ അഴിമതിക്കാരനാണെന്ന് ഒരു ജൂഡീഷ്യൽ ബോഡി തീരുമാനമെടുത്തു. സുപ്രീംകോടതിയിൽ ജഡ്ജിയായിരുന്ന ആൾ, ഹൈക്കോടതിയുടെ ചീഫ് ജസ്റ്റിസ് ആയിരുന്ന ആൾ, ഒരു ജൂഡീഷ്യൽ പ്രോസസ്സിലൂടെ ഒരാൾ corrupt ആണെന്ന് തീരുമാനമെടുക്കുന്നു, ഇവിടെ സർക്കാരിന്റെ കയ്യിൽ ഈ വിഷയം വരുമ്പോൾ സർക്കാർ റിജക്റ്റ് ചെയ്യുന്നു. പിന്നെ എന്തിനാണ് ഈ ഇൻസ്റ്റിറ്റ്യൂഷൻ; അത് പിരിച്ചുവിടണം. ഒരു മന്ത്രിക്കെതിരായി ആരോപണം വരുന്നു. മന്ത്രി ക്വിറ്റ് ചെയ്യണമെന്ന് ഓഫീസ് പറയുന്നു. അതുസംബന്ധിച്ച് മുഖ്യമന്ത്രി ഹിയറിംഗ് നടത്തി കുഴപ്പമൊന്നുമില്ലായെന്ന് പറയുന്നു. ലോകായുക്തയുടെ റെക്കമെന്റേഷൻ

റിജക്ട് ചെയ്യുന്നു. പിന്നെ എന്തിനാണ് ലോകായുക്ത? പിന്നെ എന്തിനാണ് ജുഡീഷ്യൽ പ്രോസസ്സ്; ഞാൻ പറയുന്നത് എക്സിക്യൂട്ടീവാണ്. മന്ത്രിമാർക്കെതിരെ, ഗവൺമെന്റ് ഉദ്യോഗസ്ഥന്മാർക്കെതിരെ ആക്ഷേപം വന്നാൽ ചീഫ് സെക്രട്ടറി ചുമതലപ്പെടുത്തുന്ന ഒരു സെക്രട്ടറി ഹിയറിംഗ് നടത്തി, സുപ്രീംകോടതിയുടെ ജഡ്ജിയായിരുന്ന, ഹൈക്കോടതിയുടെ ചീഫ് ജസ്റ്റിസ് ആയിരുന്ന ഒരാൾ ജുഡീഷ്യൽ പ്രോസസ്സിലൂടെ പാസ്സാക്കിയ ഫൈൻഡിംഗ്, ഗവൺമെന്റ് റിജക്ട് ചെയ്യുന്നുവെന്ന് ഗവൺമെന്റിന്റെ അഡീഷണൽ സെക്രട്ടറി പറയുകയാണ്. Then what is the need of Lokayukta? എന്ത് അഴിമതി വിരുദ്ധ സംവിധാനമാണ് ഇവിടെ നടക്കുന്നത്; ഇഷ്ടക്കാരെ സംരക്ഷിക്കാൻ, ഇഷ്ടമുള്ളവരെ ചേർത്തുനിർത്താൻവേണ്ടി നിങ്ങൾ ഈ നിയമത്തെ ദുർബ്ബലപ്പെടുത്തിയിരിക്കുന്നു എന്നതാണ് ഏറ്റവും പ്രധാനപ്പെട്ട കാര്യം.

ഇവിടെ സി.പി.ഐ.(എം.) കേന്ദ്ര നേതൃത്വത്തിന്റെ കാര്യം പറഞ്ഞു. രാജ്യസഭയിൽ ലോകായുക്തയെക്കുറിച്ച്, ലോക്പാൽ നിയമത്തെക്കുറിച്ചുള്ള ശ്രീ. സീതാറാം യെച്ചൂരിയുടെ മനോഹരമായ പ്രസംഗമുണ്ട്. ആ പ്രസംഗത്തിന് വിരുദ്ധമായിട്ടുള്ള കാര്യങ്ങളാണ് സംസ്ഥാനത്തെ ഈ പാർട്ടി

ചെയ്യുന്നത്. കേന്ദ്രം ദുർബ്ബലമാണ്. കേന്ദ്രത്തെക്കാൾ വലിയ സംസ്ഥാന കമ്മിറ്റിയാകുമ്പോൾ നിങ്ങൾക്ക് വേണമെങ്കിൽ അതിനെക്കാൾ കൂടുതൽ തീരുമാനം എടുക്കാം. പിന്നെ ഇവിടെ ക്രമസമാധാനത്തെക്കുറിച്ചും അഴിമതിയെക്കുറിച്ചുമുള്ള കുറേ അവാർഡുകൾ ലഭിച്ച കാര്യം രാവിലെയും പറഞ്ഞു, ഇപ്പോൾ മന്ത്രിയും പറഞ്ഞു. അഴിമതിയില്ലാത്തതിനുള്ള അവാർഡ്. നിരവധി അവാർഡുകളുണ്ട്. അതിൽ ഇന്ത്യാ ടുഡേയുടെ അവാർഡിനെ സംബന്ധിച്ച് ഇന്ന് രാവിലെ ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറഞ്ഞു. 2002-ൽ ഇന്ത്യയിൽ ഏറ്റവും ക്രമസമാധാനമുള്ള സംസ്ഥാനത്തിനുള്ള അവാർഡ് ഇന്ത്യാ ടുഡേ കൊടുത്തത് ഗുജറാത്ത് മുഖ്യമന്ത്രിയായ ശ്രീ. നരേന്ദ്ര മോഡിക്കാണ്. ആ വർഷമാണ് ഗുജറാത്ത് കലാപം നടന്നത്. അതാണ് അവാർഡുകളുടെ സ്ഥിതി. അവാർഡുകൾ ഒന്നുമല്ല. നമ്മുടെ സംസ്ഥാനത്തിന് നിയമനിർമ്മാണ മേഖലകളിലുള്ള ചില പ്രത്യേകതകളുണ്ട്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി ചിന്ത വാരികയിൽ എഴുതിയതുപോലെ നമുക്ക് അഭിമാനിക്കാൻ കഴിയുന്ന ചില കാര്യങ്ങളുണ്ട്. അതെല്ലാം ഒഴിവാക്കിയിട്ടാണ് ഇപ്പോൾ ഈ ഓർഡിനൻസുമായി വരുന്നത്. ഞാൻ അവസാനിപ്പിക്കുകയാണ്, ബഹുമാനപ്പെട്ട മുഖ്യമന്ത്രിയോട് അങ്ങ് എന്തിനാണ് ഭയപ്പെടുന്നതെന്ന്

ഞാൻ ചോദിക്കുകയാണ്. നാല് കേസ് ലോകായുക്തയിൽ വന്നപ്പോൾ അങ്ങ് എന്തിനാണ് പേടിക്കുന്നത്; ഒരു വശത്ത് പെട്ടെന്ന് കേസ് വന്നപ്പോൾ ഓർഡിനൻസ് കൊണ്ടുവന്ന് ലോകായുക്തയുടെ പല്ല് പറിച്ചെടുക്കുന്നു. മറുവശത്ത് മുൻ മന്ത്രിയായിരുന്ന ഡോ. കെ. ടി. ജലീലിനെവിട്ട് ലോകായുക്തയ്ക്കെതിരായുള്ള ഗുരുതരമായ ആരോപണങ്ങൾ ഒരാഴ്ചക്കാലം ഉന്നയിപ്പിക്കുന്നു. അപ്പോൾ പാർട്ടി സെക്രട്ടറി പറയുന്നു. ഞങ്ങളുടെ പാർട്ടി മെമ്പറല്ല ...........(ബഹളം) പാർട്ടി സെക്രട്ടറി പറയുന്നു..........

ഡോ. കെ. ടി. ജലീൽ: സർ, മൈക്ക് ഓഫ്.......

ശ്രീ. വി. ഡി. സതീശൻ: ഞാൻ കംപ്ലീറ്റ് ചെയ്യട്ടെ......(ബഹളം)..let me complete...I am on my legs.

മി. സ്പീക്കർ: ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് ........

ശ്രീ. വി. ഡി. സതീശൻ: സർ, ബഹുമാനപ്പെട്ട അദ്ദേഹം ഒരാഴ്ച തുടർച്ചയായി ഫേസ്ബുക്കിലൂടെ ഈ സംസ്ഥാനത്ത് നിങ്ങളുടെ ഗവൺമെന്റ് കൊണ്ടുവന്ന് അധികാരത്തിലിരുത്തിയ ലോകായുക്തയ്ക്കെതിരായി വ്യക്തിപരമായ അധിക്ഷേപങ്ങൾ നടത്തി. അങ്ങും അങ്ങയുടെ പാർട്ടിയും

അത് നിയന്ത്രിച്ചില്ല. ഡോ. കെ. ടി. ജലീൽ അനുവാദമില്ലാതെ ചെയ്യുമെന്ന് ഞാൻ കരുതുന്നില്ല, അനുവാദത്തോടുകൂടിയാണ് ചെയ്തത്.......... (ബഹളം)...... അങ്ങും അങ്ങയുടെ പാർട്ടിയും അതിന് പൂർണ്ണമായ അനുമതി കൊടുത്തു. കാരണം ലോകായുക്തയെ ചെളി വാരിയെറിഞ്ഞ്, മാലിന്യം വാരിയെറിഞ്ഞ് വഷളാക്കുക, ഇപ്പുറത്ത് പല്ല് പറിച്ചെടുക്കുക ഇത് രണ്ടും ചെയ്യുന്നു. അതാണ് ഞാൻ പറഞ്ഞത് അങ്ങയെ ഭരിക്കുന്നത് ഭയമാണെന്ന്. Bertolt Brecht നമ്മളെല്ലാം ഉദ്ധരിക്കുന്ന മഹാനായ കവിയാണ്. അദ്ദേഹം ജർമ്മിയുടെ നാസി ഭരണകാലത്ത് അവിടെനിന്നും പാലായനം ചെയ്ത് അമേരിക്കയിലെത്തി. കാരണം നാസി ഭരണകൂടം അദ്ദേഹത്തെ വധിക്കും. അദ്ദേഹം എഴുതിയൊരു കവിതയിൽ അമേരിക്കയിൽ വച്ച് ജർമ്മൻകാരനെ കാണുമ്പോൾ, അദ്ദേഹം ആ ജർമ്മൻകാരനോട് ചോദിക്കുന്നുണ്ട്, സുഹൃത്തേ നമ്മുടെ നാട്ടിൽ ഇപ്പോഴും ഭയം തന്നെയാണോ ഭരിക്കുന്നതെന്ന്. ഒരു മലയാളിയെ വിദേശത്തുവച്ച് കാണുമ്പോൾ ആരും ചോദിക്കരുത്, കേരളത്തിൽ ഇപ്പോഴും ഭയം തന്നെയാണോ ഭരിക്കുന്നതെന്ന്. മുഖ്യമന്ത്രിയുടെ നാല് കേസുകൾ അവിടെ ഇരിക്കുന്നതുകൊണ്ട് മാത്രം ഉണ്ടാക്കിയൊരു സംവിധാനമാണിത്. അതുകൊണ്ട് അഴിമതിവിരുദ്ധ

സംവിധാനത്തെ ദുർബ്ബലപ്പെടുത്തിയ ഈ സർക്കാരിന്റെ നടപടിയിൽ പ്രതിഷേധിച്ചും ഗൗരവതരമായ ഈ വിഷയം നിയമസഭയിൽ ചർച്ച ചെയ്യാൻ അനുവദിക്കാത്തതിൽ പ്രതിഷേധിച്ചും ഞാനും എന്റെ പാർട്ടിയും വാക്കൗട്ട് ചെയ്യുന്നു.

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. വി. ഡി. സതീശനും അദ്ദേഹത്തിന്റെ പാർട്ടിൽപ്പെട്ട അംഗങ്ങളും സഭവിട്ട് പുറത്തുപോയി.)

ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി: സർ, ഇതപര്യന്തം ഈ നിയമസഭ കണ്ടിരിക്കുന്നത് ഇടതുപക്ഷം പുരോഗമനാത്മഗമായ നിയമങ്ങൾക്കുവേണ്ടി വാദിക്കുന്നതാണ്. കേരളമെപ്പോഴും അഭിമാനംകൊള്ളുന്നത് ഇതരസംസ്ഥാനത്തൊന്നുമില്ലല്ലോ! അതിനേക്കാൾ മെച്ചപ്പെട്ട നിയമം, ഇവിടെ ലാൻഡ് റിഫോംസ് ആക്ടിനെപ്പറ്റി പറഞ്ഞു; അതുപോലെ ധാരാളം നിയമങ്ങളുണ്ട്. എല്ലാ നിയമങ്ങളും കേന്ദ്രത്തെക്കാളും കോൺഗ്രസ് ഭരിക്കുന്ന സംസ്ഥാനങ്ങളെക്കാളും മെച്ചമാണ്, എന്നാൽ ഇപ്പോൾ ആദ്യമായിട്ടാണ് ബഹുമാനപ്പെട്ട മന്ത്രിക്ക് സ്വയംബോധ്യമില്ലാത്തതിന്റെയും അതുപോലത്തന്നെ മുന്നണിക്കും കൂടെയുള്ളവർക്ക് ബോധ്യമില്ലാത്തതിന്റെയും ഒക്കെ മന്ദഗതി അദ്ദേഹത്തിന്റെ പ്രസംഗത്തിലുണ്ടായിരുന്നു. ഒരു നിയമം

പിറകോട്ടുകൊണ്ടുപോകാൻ പുരോഗമനാത്മഗമായ നിയമങ്ങളിൽ, നിയമനിർമ്മാണങ്ങളിൽ ഞങ്ങൾ മുമ്പിൽ നിൽക്കുന്നുവെന്ന് പറയുന്നതിനുപകരം റിവേഴ്സ് ഗിയറിലിട്ട് ഇരുപത് കൊല്ലത്തിനുശേഷം മറ്റ് ഉത്തരേന്ത്യൻ സംസ്ഥാനങ്ങളോടും കേന്ദ്ര നിയമത്തോടും ഒക്കെ താരതമ്യപ്പെടുത്തി ഞങ്ങളും പുറകോട്ടുപോകുകയാണ് എന്നുപറയുന്നതിലുള്ള വിഷമവും ജാള്യതയും അദ്ദേഹത്തിന്റെ വിശദീകരണത്തിലുണ്ടായിരുന്നു. ഈ നിയമവും അതുപോലെയുണ്ടാക്കിയ ഭരണഘടനാസ്ഥാപനവുമെല്ലാം പത്തിരുപത് കൊല്ലമായി ഇവിടെ നിലനിന്നിരുന്നൊരു സംഗതിയെയാണ് ബി.ജെ.പി ഭരിക്കുന്ന കേന്ദ്രഗവൺമെന്റിനോട്, കോൺഗ്രസ് ഭരിക്കുന്ന മറ്റ് സംസ്ഥാനങ്ങളോടുമെല്ലാം താരതമ്യപ്പെടുത്തിക്കൊണ്ട് നിയമ നിർമ്മാണത്തിലൂടെ പിറകോട്ട് കൊണ്ടുപോകുന്നത്. അത് അപ്പുറത്തുതന്നെ ബോധ്യപ്പെടുത്താൻ കഴിഞ്ഞിട്ടില്ല. അതുകൊണ്ടുതന്നെ ഈ നിയമഭേദഗതി ആരേയും ബോധ്യപ്പെടുത്താൻ കഴിയാത്തൊരു വിഷയമുണ്ട്. അങ്ങനെയൊരു അധികാരം അവർക്കുണ്ടെന്നുവച്ച് അത് ദുരുപയോഗപ്പെടുത്തും എന്നുള്ള നിലയിൽ ഇപ്പോൾ മറ്റ് സംസ്ഥാനങ്ങളിൽ.... ഇതിൽ ധാരാളം ചരിത്ര പശ്ചാത്തലമുണ്ട് ലോക്പാൽ ബിൽ വരാനായി ധാരാളം പ്രക്ഷോഭങ്ങൾ

നടന്നു. അതുപോലെ മറ്റ് സംസ്ഥാനങ്ങളിൽ ഇത്തരത്തിലുള്ള ഒരു നിയമം കൊണ്ടുവന്ന്, ഒരു സ്ഥാപനത്തിൽ അഴിമതി വർദ്ധിച്ചുവരുന്ന സാഹചര്യത്തിൽ വളരെ കർശനമായ നിലപാടെടുക്കാൻ വേണ്ടിയുള്ളൊരു ഭരണഘടനാ സ്ഥാപനമുണ്ടാവണം. ലോക്പാൽ ബിൽ പാസ്സാക്കുന്നതിനായി പ്രക്ഷോഭങ്ങളെല്ലാം നടന്നു. അങ്ങനെയൊരു വലിയ ചരിത്ര പശ്ചാത്തലം ഇതിനുണ്ട്. അതിൽ ഒരടി മുന്നോട്ടല്ലാതെ വീണ്ടും പിറകോട്ടുപോകുക എന്നുള്ളത് ആരും പ്രതീക്ഷിക്കാത്തൊരു സംഗതിയാണ്. അതാണ് ഒരു ദിവസം രാവിലെ പെട്ടെന്ന് ഓർഡിനൻസായി വരുന്നത്. അതാണ് എല്ലാവരേയും വളരെ സർപ്രൈസ് ചെയ്തിരിക്കുന്നത്. അതുകൊണ്ടാണ് പ്രതിപക്ഷം ഇതിനെ എതിർക്കുന്നത്. ഇത് ഇടതുപക്ഷ ഗവൺമെന്റിന് യോജിച്ചതല്ല, ഒരു പുരോഗമനാശയത്തിൽ കേരളം എപ്പോഴും മുന്നിൽ നിൽക്കുന്നുവെന്ന് പറയുന്നതിൽ നിന്നും വ്യത്യാസമായി ആദ്യമായി കേരളം ഇപ്പോൾ കോൺഗ്രസ്സിന് അത്രയല്ലേയുള്ളൂ ബി.ജെ.പി.ക്ക് അത്രയല്ലേയുള്ളൂ അതുകൊണ്ട് ഞങ്ങളും ആ നിലയിലേക്ക് പോകുന്നുവെന്ന് പറയുന്ന ഈ വിശദീകരണം... ബാക്കി കാര്യങ്ങൾ ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് പറഞ്ഞതുകൊണ്ട് ഞാൻ പറയുന്നില്ല. വളരെയധികം

അനുചിതമായൊരു നിയമനിർമ്മാണമാണ് ഓർഡിനൻസിലൂടെ വന്നത്, ആരേയും ബോധ്യപ്പെടുത്താൻ കഴിയാത്തൊരു നിയമമാണിത്. അതുപോലെ ഇതുസംബന്ധിച്ച് സംസ്ഥാനത്ത് നടക്കുന്ന വിവാദം അടിയന്തര പ്രമേയത്തിൽ വിഷയമായത് അതാണ്. സാധാരണയൊരു ബില്ലിലുണ്ടായ നിരാകരണമല്ല.അത്യധികം ചർച്ചയാണ് ഈ സംസ്ഥാനത്ത് നടക്കുന്നത്. അത്യധികം എതിർപ്പാണ് ഇതിനോടുണ്ടായിരിക്കുന്നത്. അതുകൊണ്ടാണ് ഈ വിഷയം അടിയന്തര പ്രമേയത്തിലൂടെ അവതരിപ്പിച്ചത്. അത് അനുവദിക്കാത്തതിൽ പ്രതിഷേധിച്ച് ഞാനും എന്റെ പാർട്ടിയും വാക്കൗട്ട് നടത്തുന്നു.

(ഗവൺമെന്റിന്റെ നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടിയും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും സഭവിട്ട് പുറത്തുപോയി)

<u>ശ്രീ. പി. ജെ. ജോസഫ്</u>: സർ, 1999-ൽ ഇ.കെ. നായനാരുടെ കാലത്ത് വളരെ വിശദമായി ചർച്ചചെയ്ത് നിയമസഭ ഏകകണ്ഠമായി പാസ്സാക്കിയ ഒരു നിയമം, അതിപ്പോൾ ഭരണഘടനാ വിരുദ്ധമാണെന്നുപറഞ്ഞ് മാറ്റുന്നത്

തീർച്ചയായും ഒരു പുറകോട്ട് പോകലാണ്. ഈ നീക്കം ചർച്ച ചെയ്യാത്തതിൽ പ്രതിഷേധിച്ച് ഞാനും എന്റെ കക്ഷിയും വാക്കൗട്ട് നടത്തുന്നു.

(ഗവൺമെന്റിന്റെ നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. പി. ജെ. ജോസഫും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും സഭവിട്ട് പുറത്തുപോയി)

ശ്രീ. അനൂപ് ജേക്കബ്: സർ, കേരളത്തിലെ അഴിമതി വിരുദ്ധ സംവിധാനങ്ങൾ ദുർബലമാകുന്നുവെന്നതാണ് ഞങ്ങളിവിടെ ഉന്നയിച്ചത്. മറ്റ് സംസ്ഥാനങ്ങളിൽ ഇത്തരത്തിലുള്ള ഒരു ലോകായുക്ത സംവിധാനമില്ലായെന്നതുകൊണ്ട് കേരളത്തിൽ വേണ്ടെന്ന ബഹുമാനപ്പെട്ട മന്ത്രിയുടെ വാദം യുക്തിക്ക് നിരക്കുന്ന ഒന്നല്ല. ഇത് തെറ്റായ സന്ദേശമാണ് പൊതുസമൂഹത്തിലേക്ക് നൽകുന്നത്. ഈ വിഷയം ചർച്ച ചെയ്യാത്തതിൽ പ്രതിഷേധിച്ച് ഞാൻ വാക്കൗട്ട് ചെയ്യുകയാണ്.

(ഗവൺമെന്റിന്റെ നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. അനൂപ് ജേക്കബ് സഭവിട്ട് പുറത്തുപോയി)

ശ്രീമതി കെ. കെ. രമ: സർ, അഴിമതിക്കെതിരെ കർശന നിലപാട് സ്വീകരിച്ചിരുന്ന 1999-ലെ ഇടതുപക്ഷ പാർട്ടികളുടെ സവിശേഷമായ ഉൽപ്പന്നമാണ് ലോകായുക്ത. വേറിട്ടൊരു രാഷ്ട്രീയ ധാർമ്മികതയും

ആദർശവും തങ്ങൾക്കുണ്ടെന്ന് അഹങ്കരിച്ചിരുന്ന ഇടതുപക്ഷത്തിന്റെ അടയാളത്തിന്റെ മുന്നിലാണ് ലോകായുക്തയുടെ ചിറകരിഞ്ഞിരിക്കുന്നത്. തീർച്ചയായും ഈ വിഷയം സഭനിർത്തിവച്ച് ചർച്ച ചെയ്യാത്തതിൽ പ്രതിഷേധിച്ച് വാക്കൗട്ട് നടത്തുന്നു.

(ഗവൺമെന്റിന്റെ നിലപാടിൽ പ്രതിഷേധിച്ച് ശ്രീമതി കെ. കെ. രമ സഭവിട്ട് പുറത്തുപോയി

സഭവിട്ട് പുറത്തുപോയ അംഗങ്ങൾ അല്പസമയത്തിനുശേഷം സഭയിൽ തിരിച്ചെത്തി)